2. സാമാന്യമായി പൊതുതാൽപ്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

ഹൈസ്ക്കൂളുകളിൽ പ്ലസ് ടൂ ആരംഭിക്കാൻ നടപടി

(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി 2010 ജൂലൈ 9-ാം തീയതി അവതരിപ്പിച്ചതും ചർച്ച പൂർത്തിയാക്കാത്തതുമായ പ്രമേയത്തിന്റെ തുടർ ചർച്ച)

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: എനിക്ക് വളരെയധികം സന്തോഷമുണ്ട്. കാരണം ഞാനൊരു പ്രമേയം അവതരിപ്പിച്ചതിനെ തുടർന്ന് കുറേയേറെ പ്ലസ് ടൂ സ്കൂളുകൾ ഇവിടെ അനുവദിക്കുകയുണ്ടായി. എനിക്ക് സന്തോഷിക്കാൻ വകയുണ്ട്. ഞാൻ അവതരിപ്പിച്ച ഉടനെ തന്നെ ഇത് സംഭവിച്ചു. ഇത് ചരിത്രത്തിൽ രേഖപ്പെടുത്തണം. എന്റെകൂടി പരിശ്രമഫലമായിട്ടാണ് ഇത് അനുവദിച്ചതെന്ന് നിയമസഭയിൽ രേഖപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. വയനാട്, കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, പാലക്കാട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിലായി സ്കൂളുകൾ അനുവദിച്ചു. കൂടുതൽ സീറ്റുകളുണ്ടായി. എന്നാൽ ആവശ്യത്തിന് തികയില്ലെന്ന് തന്നെയാണ് എനിക്ക് പറയാനുള്ളത്. ഐ.ടി.സി., പോളിടെക്നിക്, ഐ.ടി.ഐ എല്ലാം ഒഴിവാക്കിയിട്ട് ഈ ജില്ലകളിൽ 31,669 സീറ്റുകൾ വേണമായിരുന്നു. പോളിടെക്നിക്കുകൾ പോലെയുള്ള സ്ഥാപനങ്ങളിലെ സെലക്ഷൻ സ്റ്റേറ്റ് അടിസ്ഥാനത്തിലാണ് മറ്റ് ജില്ലകളിൽ നിന്നുള്ളവർവരെ അപേക്ഷ കൊടുക്കുകയും ഭൂരിഭാഗം ആളുകളും മറ്റ് ജില്ലകളിൽ നിന്നും സ്ഥാനം നേടുകയും ചെയ്യും. സ്വാഭാവികമായും മലപ്പുറം ജില്ലയിലെ അല്ലെങ്കിൽ മലബാർ ജില്ലയിൽ ഒഴിവു വരുന്ന സീറ്റുകളിൽ നിന്ന് എടുക്കാൻ കഴിയുമെന്നുള്ളത് ശരിയല്ല. അതുകൊണ്ട് പോളിടെക്നിക്കുകളിലെ സീറ്റുകൾകൂടി കണക്കുകൂട്ടി ഇവിടെയുള്ള അഭാവം പരിഹരിക്കാൻ കഴിയില്ല. ആയതിനാൽ കൂടുതൽ സീറ്റുകൾ അനുവദിക്കണമെന്ന് മാത്രമല്ല എല്ലാ ഹൈസ്ക്കൂളുകളിലും പ്ലസ് ടൂ കോഴ്സുകൾ അനുവദിക്കണമെന്നുള്ളതാണ് എന്റെ പ്രമേയത്തിന്റെ ഉദ്ദേശം. അതിന് മലബാറിന് മുൻഗണന നൽകണമെന്നുണ്ട്. കുറേയേറെ സ്കൂളുകൾ അനുവദിച്ചു. പക്ഷേ അതുകൊണ്ട് മാത്രമായില്ല. മലബാറിൽ എന്തുകൊണ്ടാണ് പ്ലസ് ടൂവിൽ ഇത്രയധികം സീറ്റുകൾ ഒഴിവ് വന്നതെന്ന് നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. രണ്ട് കാര്യമാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. എന്റെ സഹപ്രവർത്തകൻ ശ്രീ. എം. ഉമ്മർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്നപ്പോൾ ശ്രീ. അബ്ദുറഹിമാൻ രണ്ടത്തണി വൈസ് പ്രസിഡന്റായിരുന്നു. അവർ നടപ്പിലാക്കിയ വിജയഭേരി പദ്ധതിയിലൂടെ മലപ്പുറത്ത് എസ്.എസ്.എൽ.സി.ക്ക് വിജയശതമാനം കൂടിയിട്ടുണ്ട്. കഴിഞ്ഞ രണ്ടുമൂന്ന് കൊല്ലങ്ങളായുള്ള അവരുടെ പ്രവർത്തനഫലമായി എസ്.എസ്.എൽ.സി എഴുതുന്ന മിക്ക കുട്ടികളും വിജയിച്ചു. അപ്പോൾ കൂടുതൽ സീറ്റുകൾ ആവശ്യമായി വരികയാണ്. അതുമാത്രമല്ല ഞങ്ങളുടെ കാലത്ത് എന്തുകൊണ്ട് അനുവദിച്ചില്ലെന്നുള്ള ചോദ്യം ശ്രീ. പി. ജയരാജൻ ചോദിക്കുന്നതിന് മുൻപ് തന്നെ അധികം സമയം കളയണ്ട എന്ന് വിചാരിച്ച്.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ : ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി ഇവിടെ പ്രമേയം അവതരിപ്പിക്കുന്നതിന് മുൻപ് തന്നെ കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ മലബാർ മേഖലയിൽ 22000 പ്ലസ് ടൂ സീറ്റുകൾ അനുവദിച്ച ഗവൺമെന്റാണ് ഈ ഗവൺമെന്റ്. അതുകൂടാതെ ഇന്ന് മലബാർ മേഖലയ്ക്ക് 178 പ്ലസ് ടൂ സ്കൂളുകൾ അനുവദിച്ചു. അത് എൽ.ഡി. എഫ് ഗവൺമെന്റിന്റെ നയപരമായിട്ടുള്ള തീരുമാനമാണെന്ന കാര്യം ബഹുമാനപ്പെട്ട അംഗം അംഗീകരിക്കുന്നുണ്ടോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, എൽ. ഡി. എഫ്. ഗവൺമെന്റിന്റെ നയപരമായ തീരുമാനത്തിന്റെ അപ്പുറത്ത് വേറെ ചില കാര്യങ്ങൾ കൂടി ഈ സ്ക്കൂൾ അനുവദിച്ചതിന്റെ ഇടയിലുള്ളതായി നാട്ടിൽ പരക്കെ സംസാരമുണ്ട്. ഇവിടെ അനിഷ്ടമുണ്ടെങ്കിൽ അങ്ങ് തന്നെ തിരക്കിയിട്ട് സത്യം പുറത്ത് കൊണ്ടുവന്നാൽ മതി. ചില സ്ക്കൂളുകളിൽ. അപ്പോയിന്റ്മെന്റ് വേണം എന്ന് പറഞ്ഞ് ഏജന്റുമാർ ചെന്നിട്ടുണ്ട് എന്നുള്ള സത്യം അങ്ങേയ്ക്ക് അറിയില്ലേ; ഞങ്ങൾക്ക് പോസ്റ്റ് വേണമെന്ന് പറഞ്ഞത് അങ്ങേയ്ക്ക് അറിയില്ലേ ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഞാൻ അതിലേയ്ക്ക് ഒന്നും കടക്കുന്നില്ല. ഇവിടെ ശ്രീ. പി. ജയരാജൻ ചോദിച്ച ചോദ്യത്തിന് ഞാൻ മറുപടി പറയുകയാണ്. അനുവദിച്ചത് അനുവദിച്ചിട്ടില്ല എന്നുഞാൻ പറയുന്നില്ല. അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷവും, അതിൽ ഹൈസ്ക്കൂളുകൾക്കൊക്കെയാണ് പ്ലസ് 2 അനുവദിക്കുന്നത്. ഹൈസ്ക്കൂളുകളൊക്കെ അനുവദിച്ചത് 99 ശതമാനവും ഞങ്ങളാണ്. ശ്രീ. പി. പി. ഉമ്മർകോയ തൊട്ട് സി. എച്ച്. മുഹമ്മദ് കോയ സാഹിബ്, ചാക്കിരി അഹമ്മദ് കുട്ടി, ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ സാഹിബ്, ശ്രീ. നാലകത്ത് സൂപ്പി തുടങ്ങിയവരാണ് മലബാറിന്റെ പിന്നോക്കാവസ്ഥയ്ക്ക് പ്രധാന കാരണമായ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവം പരിഹരിക്കാൻവേണ്ടി ശ്രമിച്ചത്. അതിന്റെ ഫലമായി പ്ലസ് 2-ന് കൂടുതൽ കുട്ടികൾ പാസ്സാവുകയും പ്ലസ് 2 സീറ്റുകൾ ആവശ്യമായി വരുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആദ്യമായി പ്ലസ് 2 ഇടതുപക്ഷം അനുവദിച്ചപ്പോൾ മലബാറിനോട് അവഗണന കാണിച്ചു, അതുകൊണ്ടാണ് പ്ലസ് 2 ഇല്ലാതായത്. നിങ്ങൾ സാമ്പത്തികമായി ഖജനാവ് തല്ലിത്തകർത്തെറിഞ്ഞ ശേഷം കിട്ടിയ ഖജനാവിലെ ഒരു ചില്ലിക്കാശ് പോലും ചെലവഴിക്കാൻ കഴിയാത്ത അവസ്ഥയിൽ പ്ലസ് 2 സ്ഥാപിക്കാൻ കഴിയാത്ത ഒരവസ്ഥ പിന്നീട് വന്ന ഗവൺമെന്റിന് വന്നുഭവിച്ചു. ആ സമയത്തും നിങ്ങളേക്കാൾ കൂടുതൽ സീറ്റുകൾ ഞങ്ങൾ ഗവൺമെന്റ് സ്ക്കൂളുകളിൽ അനുവദിച്ചിട്ടുണ്ട്. ഇന്നത്തെ ഗവൺമെന്റ് നിങ്ങളാണ് തുടർന്നു വരുന്നത്, കൂടുതൽ കുട്ടികൾ പാസ്സായപ്പോൾ അത് നിർവ്വഹിക്കേണ്ടത് നിങ്ങളാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നത് നമ്മുടെ ഖജനാവ് സർപ്ലസാണ്, പൈസയ്ക്ക് യാതൊരു ബുദ്ധിമുട്ടുമില്ലയെന്നാണ്. പക്ഷേ ഈ സർപ്ലസ് ഖജനാവിൽ നിന്ന് പൈസ ഉപയോഗിച്ച് മുഴുവൻ കുട്ടികൾക്കും പ്രവേശനം കിട്ടത്തക്കവിധത്തിൽ പ്ലസ് 2 സീറ്റുകൾ അനുവദിക്കലായിരുന്നു ചെയ്യേണ്ടിയിരുന്നത്, എന്നാൽ അത് ചെയ്തിട്ടില്ല. അടുത്ത തവണ ഇതിനേക്കാൾ കൂടുതൽ കുട്ടികൾ പാസ്സാകുമ്പോൾ അപ്പോൾ അതിനനുസരിച്ച് സീറ്റ് ഇല്ലാതാകും. ഇവിടെ ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. അടുത്ത പ്രമേയംകൂടി, നാലാമത്തെ പ്രമേയം കൂടി ഉള്ളതുകൊണ്ട് ഞാൻ കൂടുതൽ സംസാരിക്കുന്നില്ല.... വഴങ്ങാൻ സമയം ഇല്ല. അല്ലെങ്കിൽ ഇഷ്ടം പോലെ വഴങ്ങാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, കഴിഞ്ഞ നാല് വർഷത്തിനിടയിൽ മലപ്പുറം ജില്ലയിലും മലബാറിലുമുണ്ടായ ഹയർ സെക്കണ്ടറി വിജയ ശതമാനത്തിന്റെ വർദ്ധനവ് വളരെ വ്യത്യസ്തമാണ്. വിദ്യാഭ്യാസ രംഗത്ത് അവിടെ നടക്കുന്ന ഏറ്റവും വലിയ ഒരു പ്രാധാന്യമാണ് അത് തെളിയിക്കുന്നത്. കാരണം ഇങ്ങനെയുള്ള ഘട്ടത്തിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ 86.90 ശതമാനത്തിലേയ്ക്ക് കുതിക്കുന്നത് 68 ശതമാനത്തിൽ നിന്നാണ്. ഈ കുതിപ്പിന് അനുസൃതമായ സീറ്റുകൾ ലഭ്യമാക്കേണ്ടത് ഈ ഗവൺമെന്റിന്റെ ബാധ്യതതന്നെയാണ്. അത് മറ്റുള്ളവർ നൽകിയിട്ടില്ല എന്ന് പറഞ്ഞ് കുറ്റപ്പെടുത്തുന്നത് ശരിയല്ല എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, ഇവിടെ സമയത്തിന് പിശുക്ക് കാണിക്കേണ്ട കാര്യമില്ല. കാരണം ഇന്ന് ബിഫോർ ടൈമാണ്. സഭയിൽ ഇങ്ങനെ ഒരു ദിവസം കിട്ടിയിട്ടില്ല. സ്വകാര്യ അംഗങ്ങൾക്ക് ബില്ലുകൾക്കും റെസലൂഷൻസിനും പത്തര മുതൽ പന്ത്രണ്ടര വരെയാണ് സമയം കിട്ടുക. ഇന്ന് 10.10-ന് തന്നെ ചർച്ച ആരംഭിച്ചു. ബിഫോർ ടൈമാണ്. അതുകൊണ്ട് അങ്ങ് സമയത്തിൽ പിശുക്ക് കാണിക്കണ്ട. കാര്യമായി സംസാരിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ : നാല് പ്രമേയങ്ങൾ ഉണ്ട്.

ശ്രീ. എം. വിജയകുമാർ : നാലും എടുക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ : നാല് പ്രമേയങ്ങളുണ്ട്. നാലും വളരെ പ്രധാനപ്പെട്ട പ്രമേയങ്ങളാണ്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, അതിനനുസരിച്ച് സംസാരിക്കാം. എന്റെ സുഹൃത്ത് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഇവിടെ പറഞ്ഞതു പോലെ ഇത്തവണ വിജയശതമാനം വർദ്ധിച്ചു വരുന്നതിന് അനുസരിച്ചുള്ള ഉത്തരവാദിത്തം നിങ്ങൾക്കാണ്. അത് കുറച്ചെങ്കിലും തന്നുവെന്നുള്ളത്. Something is better than nothing എന്നു പറയുന്നത് പോലെയാണ്. ഒന്നു മില്ലാത്തതിനെക്കാൾ നല്ലത് കുറച്ചെങ്കിലും തന്നത് നല്ലതുതന്നെയാണ്. പക്ഷേ ഇത് വളരെ വൈകി. ഇക്കൊല്ലത്തെ അഡ്മിഷനൊക്കെ കഴിയുമ്പോൾ കുറെക്കൂടും. നീതി വൈകുന്നതും നീതി നിഷേധമാണ് എന്ന കാര്യംകൂടി ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്.

ശ്രീ. എം. ചന്ദ്രൻ : സർ, എസ്.എസ്.എൽ.സി.ക്ക് വിജയശതമാനം കൂട്ടുന്നതിന് ഈ ഗവൺമെന്റിന്റെ പ്രവർത്തനം സഹായിച്ചിട്ടുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്. ഇവിടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പി.ടി.എ. കമ്മിറ്റികളും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ട്യൂഷൻ കൊടുത്തതിന്റെ ഭാഗമായിട്ടാണ് ആ വിജയശതമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞത് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, അത് ഒരു ഗവൺമെന്റിന്റെ ബാധ്യതയാണ്. ഗവൺമെന്റ് അത് ചെയ്യണം. പക്ഷേ അത് വേണ്ടത്ര ചെയ്തിട്ടില്ലായെന്നും വീഴ്ചവരുന്നുവെന്നും ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ന് സ്കൂൾ വിദ്യാഭ്യാസം കുറെയൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പോയി. ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചത് മലപ്പുറം ജില്ലയിലെ 'വിജയഭേരി' ആണ്. 'വിജയഭേരി' എല്ലാ ജില്ലകൾക്കും മാതൃകയാക്കേണ്ടതാണ്. പക്ഷേ ആ 'വിജയഭേരി' ഈ ഗവൺമെന്റ് ചില പ്രത്യേക താല്പര്യങ്ങളുടെ ഫലമായി അതിന്റെ പ്രവർത്തനം താറുമാറാക്കുകയാണ് ചെയ്തത്. അത് ബഹുമാനപ്പെട്ട എം. ചന്ദ്രന് അറിയാമോ ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, 'വിജയഭേരി' പദ്ധതി മലപ്പുറം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുകയും കേരളത്തിൽ മാതൃകാപരമായ ഒരു മുന്നേറ്റം വിദ്യാഭ്യാസരംഗത്ത് ഉണ്ടാവുകയും ചെയ്ത ഘട്ടത്തിൽ അന്ന് മികച്ച റിസൾട്ട് ഉണ്ടായ സമയത്ത് ആ റിസൾട്ടിന്റെ കാരണം കോപ്പി അടിച്ചതാണെന്ന് ഇന്നത്തെ മുഖ്യമന്ത്രിയും അന്നത്തെ പ്രതിപക്ഷ നേതാവും പറഞ്ഞകാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, അതൊക്കെ ഉണ്ടായതാണ്. ഇവിടെ പ്രതിപക്ഷത്തോട് ചോദിച്ചല്ലോ ഞങ്ങൾ എന്തുകൊണ്ട് ചെയ്തില്ലായെന്ന് ? പക്ഷേ, നിങ്ങളുടെകാലത്ത് ചെയ്തത് നന്നായി എന്നുതന്നെയാണ് എനിക്ക് പറയാനുള്ളത്. കാരണം എന്താണെന്ന് പറഞ്ഞാൽ ഞങ്ങൾ കഴിഞ്ഞ പ്രാവശ്യം ഇതിനുവേണ്ടി ശ്രമിച്ചപ്പോൾ, കോപ്പിയടിച്ചത് മാത്രമല്ല, ഞങ്ങൾ ശ്രമിച്ചപ്പോൾ മലബാറിൽ പിന്നോക്കാവസ്ഥയുണ്ട്, സ്കൂളുകളുടെ അഭാവമുണ്ട്, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവമുണ്ട്, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവമുണ്ട് എന്നത് എല്ലാവർക്കും അറിയാവുന്നതാണ്. പക്ഷേ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾക്ക് പ്രത്യേക പരിഗണന നൽകി അവരെ പൊതു ധാരയിലേക്ക് കൊണ്ടുവരികയെന്നത് ആധുനിക വികസന തന്ത്രത്തിന്റെ, ശൈലിയുടെ, സമീപനത്തിന്റെ പ്രശ്നമാണ്. ആധുനിക വികസന ശൈലിയും സമീപനവും അതാണ് ചൂണ്ടിക്കാണിക്കുന്നത്. അതാണ് ആവശ്യപ്പെടുന്നത്. അതനുസരിച്ച് ഞങ്ങൾ കുറ്റിപ്പുറത്ത് ഒരു എഞ്ചിനീയറിംഗ് കോളേജ് കൊടുത്തപ്പോൾ, മലപ്പുറത്ത് കുറച്ച് സ്ഥാപനങ്ങൾ കൊടുത്തപ്പോൾ ഇവിടെ ഗവർണ്ണർക്ക് കത്ത് എഴുതിയവരുണ്ട്. ഇനി ഞങ്ങൾ വന്നാൽ ഇത്തരം സ്ഥാപനങ്ങളൊക്കെ കൊടുക്കുമ്പോൾ ഞങ്ങൾക്ക് ഈ ഗവർണ്ണറുടെ കത്തൊക്കെ പേടിക്കേണ്ടിവരും. നിങ്ങളത് കൊടുത്തതുകൊണ്ട് ആ ഒരു ബാധ്യതയിൽനിന്ന് ഞങ്ങൾക്ക് ഒഴിവാകാൻ കഴിഞ്ഞു. ആ ഒരു ചീത്തപ്പേരിൽനിന്ന് ഒഴിവാകാൻ കഴിഞ്ഞു. മലപ്പുറത്തും മലബാറിലും എന്ത് കൊടുത്താലും അത് പ്രത്യേക പരിഗണനയാണ്, പ്രീണനമാണ് എന്നുപറഞ്ഞ് അപ്പുറത്തുനിന്ന് ബഹളം ഉണ്ടാക്കുന്നത് ഞങ്ങളൊക്കെ കണ്ടതാണ്, ഞങ്ങളൊക്കെ അനുഭവിച്ചതാണ്. ഏതായാലും എനിക്ക് പറയാനുള്ളത് എല്ലാ സ്കൂളുകളിലും പ്ലസ് 2 കൊടുക്കണം. ഇന്ന്

ടെർമിനൽ കോഴ്സാണ് പ്ലസ് 2. അതിൽ പിശുക്ക് കാണിക്കേണ്ടതില്ല. ടെർമിനൽ കോഴ്സായി പ്ലസ് 2 വരുമ്പോൾ പത്താംതരംവരെയുള്ള വിദ്യാഭ്യാസം ടെർമിനൽ കോഴ്സായിട്ട് കണക്കാക്കരുത്. പത്താംതരംവരെയുള്ള എല്ലാ ഹൈസ്ക്കൂളുകൾക്കും പ്ലസ് 2 കൊടുക്കേണ്ടത് അനിവാര്യമാണ്. മറ്റൊരുകാര്യംകൂടി പറയാനുണ്ട്. വിദ്യാഭ്യാസ അവകാശ നിയമം വരികയാണ്... എന്റെ സുഹൃത്തേ, വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടതെല്ലാം പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നു. വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നിലവിൽ വരുമ്പോൾ സ്ക്കൂളുകൾക്ക് ഘടനാപരമായ മാറ്റങ്ങൾ ഉണ്ടാകും. വിദ്യാഭ്യാസ അവകാശ നിയമത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്, എൽ.പി. സ്ക്കൂളുകളിൽ ഒന്നുമുതൽ അഞ്ചുവരെയുള്ള ക്ലാസ്സുകളും യു.പി. സ്ക്കൂളുകളിൽ ആറ് മുതൽ എട്ട് വരെയുള്ള ക്ലാസ്സുകളും ഹൈസ്ക്കൂളിൽ ഒമ്പതും പത്തും ക്ലാസ്സുകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള മാറ്റം വരുമെന്നാണ്. ഹൈസ്ക്കൂളിനെ സംബന്ധിച്ചിടത്തോളം എട്ടാം ക്ലാസ് യു.പി. സ്ക്കൂളിലേക്ക് പോയാൽ നിലവിലുള്ള പ്ലസ് 2 ഇല്ലാത്ത ഹൈസ്ക്കൂളുകൾക്ക് നിലനിൽക്കാൻ ബുദ്ധിമുട്ടുണ്ടാകും. അവർക്ക് പല വിഷയങ്ങളുണ്ട്, കാരണം, പിരീഡ് എണ്ണിയിട്ടാണ്, കുട്ടികളുടെ എണ്ണം കണക്കാക്കിയിട്ടുമാണ് അദ്ധ്യാപകരെ അനുവദിക്കുന്നത്. അപ്പോൾ പല വിഷയങ്ങൾക്കും അദ്ധ്യാപകരെ വയ്ക്കാൻ കഴിയാത്ത ഒരു അവസ്ഥവരും. പല വിഷയങ്ങളും പഠിപ്പിക്കാൻ അവർക്ക് ആളില്ലാത്ത അവസ്ഥവരും. അതുകൊണ്ടുതന്നെയാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത് എല്ലാ സ്ക്കൂളുകൾക്കും പ്ലസ് 2 അനുവദിക്കണം. ഇപ്പോൾ അനുവദിച്ചത് പോരാ. നിങ്ങൾ ഇത്തിരി ചെറിയ കാര്യം ചെയ്തിട്ട് എല്ലാം കഴിഞ്ഞു, എല്ലാം ആയി, വിദ്യാഭ്യാസ രംഗത്ത് വിപ്ലവമായിരിക്കുന്നു, ഇവിടെ ആകെ മാറി എന്ന് പറയുന്നതിൽ അർത്ഥമില്ല. സത്യത്തിൽ ഇന്നിപ്പോൾ നമ്മൾ പഴയ രീതിയിലാണ്, എലിമെന്ററി സ്ക്കൂളിൽ അതായത് എട്ടാം ക്ലാസുവരെയുള്ള വിദ്യാഭ്യാസം സൗജന്യമായി നൽകണമെന്നുള്ളത് നമ്മൾ ഭരണഘടനയിൽ മാർഗ്ഗ നിർദ്ദേശക തത്വങ്ങളിൽ എഴുതി വച്ചതാണ്. അങ്ങനെ മാർഗ്ഗ നിർദ്ദേശക തത്വങ്ങളിൽ നമ്മൾ എഴുതി വയ്ക്കുമ്പോൾ അത് 1947-48 വരെ എവിടെയും കുട്ടികൾ പഠിക്കാത്ത സമയത്ത് എലിമെന്ററി സ്ക്കൂളിൽ അതായത് എട്ടാം ക്ലാസുവരെ എങ്കിലും വിദ്യാഭ്യാസം വേണമെന്നുള്ളതാണ് ഉദ്ദേശിച്ചിട്ടുള്ളത്. കേരളത്തെ സംബന്ധിച്ചിടത്തോളം നമ്മൾ പത്താം ക്ലാസുവരെയുള്ള വിദ്യാഭ്യാസം മുമ്പേ സൗജന്യമാക്കിയിട്ടുണ്ട്. വിദ്യാഭ്യാസം ഇവിടെ സാർവ്വത്രികമാണ്. ഈ വിദ്യാഭ്യാസം സൗജന്യമാക്കിയതിന്റെ ഉത്തരവാദിത്തം അല്ലെങ്കിൽ ക്രെഡിറ്റ് ഞങ്ങളുടെ നേതാവ് സി. എച്ച്. മുഹമ്മദ് കോയ സാഹിബിനാണ്. നിങ്ങൾ ഇ.എം.എസ്.ന്റെ മിനിസ്ട്രിയായിരുന്നത് ശരിതന്നെയാണ്, അദ്ദേഹമാണ് പത്താം ക്ലാസുവരെയുള്ള വിദ്യാഭ്യാസം സൗജന്യമാക്കിയത്.

ശ്രീ. പി. ജയരാജൻ : സർ, അതായത്, സംസ്ഥാനം രൂപീകരിച്ച ശേഷമുള്ള ആദ്യത്തെ ഗവൺമെന്റ് ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ളതാണ്. അന്ന് പ്രൊഫസർ ജോസഫ് മുണ്ടശ്ശേരിയായിരുന്നു വിദ്യാഭ്യാസ വകുപ്പുമന്ത്രി. കേരളത്തിലെ ആദ്യത്തെ ഗവൺമെന്റാണ് നയപ്രഖ്യാപനംവഴി

LIBRARY ARCHIVES Kerala Legislative Assembly

മലബാറിൽ പുതുതായിട്ട് 55 ഹൈസ്ക്കൂളുകൾ അനുവദിച്ചത് എന്നകാര്യം ബഹുമാനപ്പെട്ട അംഗം നിഷേധിക്കുമോ ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, മലബാർ മേഖലയിൽ ഏറ്റവും അധികം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നൽകിയത് കമ്മ്യൂണിസ്റ്റുകാരനായിരുന്ന പി. റ്റി. ഭാസ്ക്കര പണിക്കർ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ പ്രസിഡന്റായിരുന്ന കാലത്താണ് എന്ന കാര്യം അങ്ങേക്ക് അറിയില്ലേ ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, വിദ്യാഭ്യാസ രംഗത്ത് ആദ്യമായി സ്കൂൾ അനുവദിച്ചത് പി.ടി. ഭാസ്കര പണിക്കർ തന്നെയാണ്. അത് ഞാൻ നിഷേധിക്കുന്നില്ല. അതിനുശേഷം വന്ന മന്ത്രിസഭയും അനുവദിച്ചിട്ടുണ്ട്. പക്ഷേ, മലബാറിലെ പിന്നോക്കാവസ്ഥ പരിഗണിച്ച് വ്യാപകമായി സ്കൂളുകൾ അനുവദിക്കുവാൻ തുടങ്ങിയത് പി. പി. ഉമ്മർ കോയയും അതിനുശേഷം സി. എച്ച്. മുഹമ്മദ് കോയ സാഹിബും ആണ്.

ശ്രീ. ജി. കാർത്തികേയൻ : ശ്രീ. പി. ജയരാജനും ശ്രീ. വി. എസ്. സുനിൽ കുമാറും പറഞ്ഞത് ശരിയാണ്. കേരള പിറവിക്കു ശേഷം ആദ്യത്തെ മുഖ്യമന്ത്രി ഇ.എം.എസ്. നമ്പൂതിരിപ്പാടാണ്. അതിനു മുമ്പ് മലബാറിൽ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ പ്രസിഡന്റ് പി. ടി. ഭാസ്കര പണിക്കരായിരുന്നു. അപ്പോൾ അവിടെ നിന്നുള്ള കാലത്തേ ഇത് ആരംഭിക്കുവാൻ കഴിയുകയുള്ളൂ. അതുകൊണ്ട് അങ്ങനെ പറയുന്നതിൽ അർത്ഥമുണ്ടോ ? ജനാധിപത്യ ഭരണം തുടങ്ങിയത് ആ കാലത്താണ്. അതിനുശേഷം വന്ന എല്ലാ ഗവൺമെന്റുകളുടെ കാലഘട്ടത്തിലും കേരളത്തിൽ ആവശ്യത്തിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയിട്ടുണ്ട്. നിങ്ങൾ ഏത് പറഞ്ഞാലും ആദ്യത്തെ വാചകം കമ്മ്യൂണിസ്റ്റുകാർ തുടങ്ങി എന്നാണ്. നിങ്ങൾ മാത്രമേ തുടങ്ങിയിട്ടുള്ളുവോ ? ഇതെല്ലാം നിലവാരമില്ലാത്ത വാദഗതികളാണ്.

ശ്രീ. പി. ജയരാജൻ : പ്രതിപക്ഷ ഉപനേതാവ് ഞാൻ പറഞ്ഞ കാര്യത്തെ സംബന്ധിച്ച് നിലവാരം ഇല്ലാത്തതാണെന്നുപറഞ്ഞത് ഒരു തരത്തിലും ശരിയായിട്ടില്ല. ഞാൻ പറഞ്ഞത് മലബാർ എന്നു പറയുന്നത് സ്വതന്ത്ര ഇന്ത്യയിൽ അതിനുമുമ്പ് ഉണ്ടായിട്ടുണ്ട്. മദിരാശി പ്രവിശ്യയുടെ ഭാഗമായിരുന്നു മലബാർ. ആ മദിരാശി പ്രവിശ്യയിൽ മുഖ്യമന്ത്രി ആയിരുന്നത് കോൺഗ്രസ്സിന്റെ നേതാക്കന്മാർ ആയിരുന്നു എന്നുള്ളകാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിന് നിഷേധിക്കുവാൻ കഴിയുമോ ? ആ കാലത്ത്, രാജഗോപാലാചാരി അടക്കമുള്ള കോൺഗ്രസ്സിന്റെ ആളുകൾ ഭരിച്ചിട്ടുള്ള മദ്രാസ് പ്രവിശ്യയിൽ വിവേചനം അനുഭവിച്ച മേഖലയായിരുന്നു മലബാർ. ആ മലബാറിലെ വിദ്യാഭ്യാസ മേഖലയിലുള്ള വിവേചനം അവസാനിപ്പിച്ചത് ഇ.എം.എസ്. ഗവൺമെന്റാണ് എന്നതാണ് ഞാൻ ഇവിടെ പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഇവിടെ നേരത്തേ പറഞ്ഞല്ലോ, 1960-ൽ അധികാരത്തിൽ ഉണ്ടായിരുന്ന മുന്നണി, അന്ന് ഇന്ത്യൻ നാഷണൽ കോൺഗ്രസ് നേതൃത്വം കൊടുക്കുന്ന പട്ടം താണുപിള്ളയുടെ ഗവൺമെന്റ്, സി. എച്ച്. മുഹമ്മദ് കോയ വിദ്യാഭ്യാസ വകുപ്പുമന്ത്രി ആയിരുന്നകാലം, അതിനുശേഷം ശ്രീ. ശങ്കരന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റും അന്നൊക്കെയാണ് കേരളത്തിലേക്ക് ഉന്നത വിദ്യാഭ്യാസ രംഗത്ത് ഒരു വിസ്ഫോടനം പോലെ വിജ്ഞാനത്തിന്റെ വിസ്ഫോടനമുണ്ടാക്കിയത് എന്നുള്ള കാര്യം അങ്ങേക്ക് അറിയാമോ ? അതായത് അന്ന് ജൂനിയർ കോളേജുകൾ അനുവദിക്കുന്ന കാലം.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : എനിക്ക് പറയാനുള്ളത്, ഞങ്ങൾ ആരുടേയും സംഭാവനകൾ അപ്പുറത്തുനിന്നുള്ളവർ ചെയ്യുന്നതുപോലെ ഞങ്ങൾ നിഷേധിക്കാറില്ല. ചെയ്തത് ചെയ്തത് തന്നെയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : മലബാറിലെ കോയിപ്പുറത്ത് മാധവമേനോൻ മദിരാശിയിലെ മന്ത്രി ആയിരിക്കുന്ന കാലത്താണ് മലബാറിൽ കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാൻ തീരുമാനിക്കുകയും നൽകുകയും ചെയ്തത്. അതിനുശേഷം കുട്ടികൾ ഇല്ലാത്തതുകൊണ്ട് നിരവധി വിദ്യാലയങ്ങൾ അന്ന് പൂട്ടേണ്ടിവന്നു. അതായിരുന്നു സാഹചര്യം. പിന്നീട് കൂടുതൽ വിദ്യാലയങ്ങൾ അനുവദിച്ചത് കേരളം വന്നതിനുശേഷം ഉമ്മർ കോയയാണ്. കൂടാതെ വളരെയധികം വിദ്യാലയങ്ങൾ അനുവദിച്ച മറ്റൊരു വ്യക്തി സി.എച്ച് മുഹമ്മദ് കോയയും ആണെന്ന് അറിയാമോ ? അതേ അവസരത്തിൽത്തന്നെ പി. ടി. ഭാസ്കര പണിക്കർ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ പ്രസിഡന്റ് ആകുമ്പോൾ രാജഗോപാലാചാരി മുഖ്യമന്ത്രി ആയിരിക്കുന്ന കാലത്ത് ഏകാദ്ധ്യാപക വിദ്യാലയം എന്നുപറഞ്ഞ് പല സ്ഥലങ്ങളിലും നിരവധി ഏകാദ്ധ്യാപക വിദ്യാലയങ്ങൾ സ്ഥാപിച്ചത് മദിരാശി ഗവൺമെന്റാണ്. അന്ന് ഡിസ്ട്രിക്ട് ബോർഡിനെ ഏല്പിച്ചു എന്നേയുള്ളൂ. ആ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : അങ്ങ് ഇവിടെ മലബാറിന്റെ പിന്നോക്കാവസ്ഥയെ കുറിച്ചാണ് പറഞ്ഞത്. തിരുവിതാംകൂറിൽ 1800 കാലഘട്ടത്തിലാണ് വിമൻസ് കോളേജും യൂണിവേഴ്സിറ്റി കോളേജുമൊക്കെ സ്ഥാപിക്കുന്നത്. കാരണം 1800-ലാണ് തിരുവിതാംകൂറിൽ വിദ്യാഭ്യാസ പ്രവർത്തനം ആരംഭിക്കുന്നത്. ആ കാലഘട്ടത്തിൽ ബ്രട്ടീഷുകാരോട് പൊരുതുന്ന നാടാണ് മലബാർ. മലബാർ 1947 വരെ ബ്രട്ടീഷുകാരോട് ശക്തമായ പോരാട്ടം നടത്തി. 1947-ന് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടയതിനു ശേഷം 1956-ൽ കേരള പിറവിവരെ മലബാർ മദ്രാസ് സ്റ്റേറ്റിന്റെ ഭാഗമാണ്. ഏകദേശം നൂറു വർഷം പിന്നിൽനിന്ന് വിദ്യാഭ്യാസ പ്രവർത്തനം ആരംഭിച്ച ഒരു പ്രദേശമാണ് മലബാർ. തിരുവിതാംകൂറിനേക്കാൾ നൂറുവർഷം കഴിഞ്ഞ് വിദ്യാഭ്യാസ പ്രവർത്തനം ആരംഭിച്ച മലബാറിൽ ഇക്കഴിഞ്ഞ എസ്.എസ്. എൽ.സി. പരീക്ഷയിൽ തിരുവനന്തപുരം ജില്ലയുടെ മുന്നിലാണെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് പറഞ്ഞ് തീർക്കുക. നമുക്ക് മറ്റ് പ്രമേയങ്ങൾകൂടി എടുക്കേണ്ടേ ? ഞാൻ ചോദിക്കുന്നത് മറ്റുള്ളതുകൂടി എടുക്കേണ്ടേ എന്നാണ് ? വേണ്ടെങ്കിൽ നമുക്ക് നീട്ടിക്കൊണ്ടുപോകാം.

ശ്രീ. ജി. കാർത്തികേയൻ : ഈ സഭയെ നിയന്ത്രിക്കേണ്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ചുരുക്കാൻപോയ പ്രമേയ അവതാരകനോട് പറയുകയാണ് ഇഷ്ടംപാലെ സമയമുണ്ട്. അങ്ങ് നീട്ടി പ്രസംഗിച്ചോ എന്ന്.

മി. ഡെപ്യൂട്ടി സ്പീക്കർ : മലബാർ ഡിസ്ട്രിക്ട് ബോർഡുള്ള കാല മൊന്നും പ്ലസ് ടു ആയിട്ടില്ല. അക്കാലത്ത് പ്രൈമറി വിദ്യാഭ്യാസം മാത്രമേ ജനങ്ങൾക്ക് ചിന്തിക്കുവാൻ കഴിയുകയുള്ളൂ. ഇപ്പോൾ അതല്ല. കാലം മാറി. വിഷയവും മാറിയിട്ടുണ്ട്.

നിയമവും, പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : പ്രതിപക്ഷ ഉപനേതാവ് പറഞ്ഞല്ലോ ? ഞാൻ പറഞ്ഞത് ഭംഗിവാക്കല്ല. നാല് പ്രമേയ മുണ്ട്. നാലും വന്നാൽ ആകെ നമുക്ക് വേണ്ടത് മുപ്പത് മിനിട്ടുവച്ച് രണ്ട് മണിക്കൂർ ആണ്. നമുക്കിന്ന് രണ്ടു മണിക്കൂറിലേറെ സമയമുണ്ട്. ഇതിൽ നിന്നാൽ നാലല്ല അഞ്ച് പ്രമേയവും എടുക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ : ഇപ്പോൾ സമയം എത്രയായി എന്ന് അറിയാമോ ? ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിതന്നെ പതിനഞ്ച് മിനിട്ടെടുത്തു. ഇനി എട്ടുപേർ പ്രസംഗിക്കുവാനുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ് : ചെയറിൽ ഇരിക്കുന്ന ആൾ റൂളിംഗ് കൊടുത്താൽ നിയമവകുപ്പുമന്ത്രി അല്ല പാർലമെന്ററി അഫയേഴ്സ് മന്ത്രി അല്ല, ആർക്കും ചോദ്യം ചെയ്യാൻ പാടില്ല എന്നല്ലേ വ്യവസ്ഥ ? ഇന്നിപ്പോൾ ഇവിടെ ഈ പാർലമെന്ററികാര്യ വകുപ്പുമന്ത്രി ചെയ്തത് ശരിയാണോ ?

ശ്രീ. എം. എ. വാഹീദ് : മലബാറിന്റെ വിദ്യാഭ്യാസ പിന്നോക്ക അവസ്ഥയ്ക്ക് കുറേ നാളുകളായി ഒരുപാട് കാര്യങ്ങൾ മലബാറിൽ നിന്നുള്ള വിദ്യാഭ്യാസ മന്ത്രിമാർ ചെയ്യുന്നുണ്ട്. കുറേ കാലമായി ഈ തിരുവിതാംകൂറിലെ വിദ്യാഭ്യാസ രംഗത്തെ അവഗണിച്ചുകൊണ്ടിരിക്കുന്നു. ഒരൊറ്റ പ്ലസ് ടു സ്കൂൾപോലും, ഒരൊറ്റ പുതിയ കോളേജുകൾപോലും ഒറ്റ കോഴ്സ് പോലും തിരുവിതാംകൂർ ഭാഗത്ത് അനുവദിച്ചിട്ടില്ല എന്നുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : എല്ലാ സ്കൂളുകൾക്കും പ്ലസ് ടു കൊടുക്കണമെന്നുള്ളതാണ് എന്റെ പ്രമേയത്തിന്റെ ഉദ്ദേശ്യം. ഇവിടെ ഒന്നു രണ്ട് കാര്യങ്ങൾ ഞാൻ പറയുകയാണ്. ഇവിടെ സഭയിൽ എന്റെ സുഹൃത്തുക്കൾ പറഞ്ഞത്, മലബാറിന്റെ പിന്നോക്കാവസ്ഥയ്ക്ക് പ്രത്യേക പരിഗണന കൊടുത്തുകൊണ്ട് പ്രവർത്തിച്ചത് യു.ഡി.എഫ് ഗവൺമെന്റ് തന്നെയാണ് എന്നാണ്. ഞങ്ങൾ തന്നെയാണ് അന്നൊക്കെ ഭരിച്ചിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : ഞാൻ പറഞ്ഞത് നിങ്ങൾക്ക് മനസ്സിലായില്ല.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : മനസ്സിലായി. ഞാൻ തീർക്കുകയാണ്. ഇപ്പോഴും രണ്ട് മണിക്കൂർ ബാക്കിയുണ്ട്. ഈ പ്രമേയത്തിന്റെ ഉദ്ദേശ മെന്നുള്ളത് അതിന്റെ കാര്യകാരണം സഹിതം വ്യക്തമാക്കാഞ്ഞാൽ കാര്യം നടക്കുകയില്ല. മലബാറിന്റെ വിദ്യാഭ്യാസ പിന്നോക്ക അവസ്ഥ നീക്കിയെടുക്കു വാനുള്ള ഞങ്ങളുടെ ശ്രമം ചരിത്രത്തിൽ രേഖപ്പെടുത്തിയതാണ്. കേരള മാതൃകയെ വിദേശ സാമ്പത്തിക ശാസ്ത്രജ്ഞന്മാർകൂടി പ്രശംസിച്ചത് വിദ്യാഭ്യാസ രംഗത്തേയും ആരോഗ്യ രംഗത്തേയും നേട്ടങ്ങളുടെ പേരിലാണ്. ആ നേട്ടങ്ങളെല്ലാം ആദ്യമായി കേരള മാതൃക എന്ന് സ്വയം ചെയ്യുന്നത്, ആ വാക്ക് ആദ്യമായി ഉപയോഗിക്കുന്നത് 1975-ൽ ആണ്. വിദ്യാഭ്യാസ രംഗത്തേയും ആരോഗ്യ രംഗത്തേയും നേട്ടങ്ങൾ പറഞ്ഞുകൊണ്ടാണ്. പ്രത്യേകിച്ച് 1970 മുതൽ 1977 വരെ കേരളം ഭരിച്ച അച്ചുതമേനോൻ ഗവൺമെന്റിന് പ്രത്യേക പങ്കുണ്ട്. ഞങ്ങളൊക്കെക്കൂടിയാണ് കേരള മാതൃകയുടെ സൃഷ്ടാക്കൾ. നിങ്ങൾക്കു മാത്രമാണ് ക്രെഡിറ്റ് എന്നുപറയുന്നതിൽ യാതൊരു അർത്ഥവുമില്ല. അതിന്റെ സിംഹഭാഗവും ക്രെഡിറ്റും ഞങ്ങൾക്കാണ്. മലബാർ മേഖലയിൽ എസ്.എസ്.എൽ.സി. പാസ്സായി വരുന്ന മുഴുവൻ കുട്ടി കൾക്കും പ്ലസ് ടു പ്രവേശനത്തിന് സീറ്റില്ലെന്നുള്ള അവസ്ഥയാണ് ഇപ്പോഴുള്ളത്. പ്ലസ് ടു എന്നുള്ളത് ഉന്നത വിദ്യാഭ്യാസത്തിന്റെ പ്രവേശന കവാടമാണ്. ആ പ്രവേശന കവാടം ഭൂരിഭാഗം കുട്ടികൾക്കും കൊട്ടിയടച്ചു. ഇവിടെ പറയുന്നതുപോലെ 178 സ്കൂളുകളിൽ പ്ലസ് ടു അനുവദിച്ചുവെങ്കിലും മലപ്പുറം ജില്ലയോട് സർക്കാർ ചില വിവേചനം കാണിച്ചിട്ടുണ്ട്. മലപ്പുറത്താണ് ഏറ്റവും കൂടുതൽ സീറ്റുകൾ വേണ്ടത്. കണക്ക് പറയുകയാണെങ്കിൽ പതിനൊന്നായിരത്തിൽ കൂടുതൽ സീറ്റ് മലപ്പുറത്ത് കൂടുതലായി അനുവദി ക്കേണ്ടതാണ്. വളരെ കുറച്ചുസീറ്റേ അനുവദിച്ചിട്ടുള്ളൂ. മലപ്പുറത്ത് 24 ബാച്ചുകളാണ് കൊടുത്തിട്ടുള്ളത്. അത് അറുപത് കുട്ടികൾക്ക് കണക്കാക്കി 1440 സീറ്റുകളേ ഉണ്ടാകുകയുള്ളൂ. അതുകൊണ്ട് ഇനിയും കുറേയധികം സീറ്റുകൾ വേണം. അത് കിട്ടണമെന്ന് ആവശ്യപ്പെടുകയാണ്. ഒരു ചോദ്യത്തിനുകൂടി വഴങ്ങുന്നു. അതുകഴിഞ്ഞ് അവസാനിപ്പിക്കാം.

ശ്രീ. എം. ഉമ്മർ : മലപ്പുറം ജില്ലയിലെ സീറ്റിന്റെ കാര്യമാണ് അങ്ങ് പറഞ്ഞുവരുന്നത്. ഏരിയാ ഇന്റൻസീവ് പ്രോഗ്രാമിൽ ന്യൂനപക്ഷ പെൺകുട്ടികളെ കണക്കിലെടുത്തുകൊണ്ട് കേന്ദ്രഗവൺമെന്റ് മലപ്പുറം ജില്ലയിൽ കൊടുത്ത അഞ്ച് സ്കൂളിൽ 50 സീറ്റുമാത്രമാണുള്ളത്. എയ്ഡഡ് മേഖലയാണെങ്കിൽ പോലും ഒന്നോ രണ്ടോ അഡീഷണൽ ബാച്ച് കൂടി ആ സ്കൂളുകളിൽ കൊടുത്താൽ വളരെയധികം പ്രയോജനം ലഭിക്കും. അത് പലതവണ ഗവൺമെന്റിന്റ ശ്രദ്ധയിൽപ്പെടുത്തിയിട്ടും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : അത് തീർച്ചയായും ഗവൺമെന്റ് ശ്രദ്ധിക്കേണ്ടതാണ്. കണക്ക് വരുമ്പോൾ കൂടുതൽ സീറ്റുകൾ മലപ്പുറം ജില്ലക്ക് നൽകണം. വയനാട് ജില്ലയെ വളരെയധികം അവഗണിച്ചിട്ടുണ്ട്.

വയനാട് ജില്ലയിൽ പ്രവർത്തിക്കുന്ന വയനാട് മുസ്ലീം ഓർഫനേജ് ഹൈസ്ക്കൂൾ 1200 അനാഥ കുട്ടികൾ പഠിക്കുന്ന സ്ഥാപനമാണ്. അതിൽ ഗുജറാത്തിലെ കലാപത്തിൽ അമ്മയും അച്ഛനും നഷ്ടപ്പെട്ടുപോയ അനാഥരായ കുട്ടികൾവരെ വയനാട്ടിൽ വന്നു പഠിക്കുന്നുണ്ട്. അവിടെ പ്ലസ് ടു അനുവദിച്ചിട്ടില്ല. മലപ്പുറത്ത് ഒരുപാട് സ്ക്കൂളുകളിൽ പ്ലസ് ടു അനുവദിച്ചിട്ടില്ല. മലപ്പുറത്ത് ഏറ്റവും കൂടുതൽ സീറ്റുകൾ ആവശ്യമായി വരുന്നിടത്ത് ആവശ്യമായ സീറ്റുകൾ മലപ്പുറത്തിന് കൊടുത്തിട്ടില്ല. ഇവിടെ അനുവദിച്ചിട്ടുള്ളതനുസരിച്ച് മലപ്പുറത്തിന് കൂടുതൽ പരിഗണന വേണം. അതുപോലെ വയനാട് മുട്ടിൽ ഉള്ള മുസ്ലീം ഓർഫനേജിൽ ഹൈസ്ക്കൂളിന് അടിയന്തരമായി പ്ലസ് ടു അനുവദിക്കാനുള്ള നടപടി സ്വീകരിക്കണം. മലബാറിന്റെ പിന്നോക്കാവസ്ഥ, മലബാറിനെ അവഗണിച്ച് നടന്നിരുന്നവർ ഇപ്പോൾ മലബാറിനോട് താൽപര്യം കാണിക്കാൻ തയ്യാറായത് വളരെ സ്വാഗതാർഹമാണെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. അവഗണന നിർത്തിക്കൊണ്ട് ഇപ്പോൾ താൽപര്യം കാണിച്ചത് നന്നായി. ഇനിയും ഈ നിലയിലുള്ള താൽപര്യം കാണിക്കണം. അടുത്ത ഗവൺമെന്റ് വരുമ്പോൾ നിങ്ങൾ അവഗണിച്ചത് കുറച്ചുകൂടി കൂടുതൽ കൊടുക്കുമ്പോൾ നിങ്ങൾ അന്നേരം പ്രത്യേകം പരിഗണന കാണിക്കുന്നു എന്ന് പറഞ്ഞ് ബഹളം ഉണ്ടാക്കരുത് എന്നുകൂടി ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. രാജു എബ്രഹാം : മലബാർ മേഖലയിൽ പ്രത്യേകിച്ച് മലപ്പുറത്തിന്റെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ സംബന്ധിച്ചാണ് അങ്ങ് പ്രസംഗിക്കുന്നത്. കഴിഞ്ഞ അഞ്ച് വർഷമാണെങ്കിൽ മുസ്ലീം ലീഗാണ് വിദ്യാഭ്യാസവകുപ്പ് കൈകാര്യം ചെയ്തുകൊണ്ടിരുന്നത്. മുസ്ലീം ലീഗ് വിദ്യാഭ്യാസവകുപ്പ് കൈകാര്യം ചെയ്തതുകൊണ്ടാണോ മലബാറിൽ വിദ്യാഭ്യാസത്തിന് ഇത്ര വലിയൊരു തിരിച്ചടി ഉണ്ടായത് എന്ന് സംശയിക്കുന്നുണ്ടോ ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : ഞാൻ ഇവിടെ വിശദമായി ചൂണ്ടിക്കാണിച്ചു. മുസ്ലീം ലീഗ് കൈകാര്യം ചെയ്തതുകൊണ്ടാണ് പിന്നോക്കാവസ്ഥക്ക് വലിയ മാറ്റമുണ്ടായത്. ഞങ്ങൾ ഇവിടെ ശൂന്യതയിൽനിന്ന് തുടങ്ങി ഒരുപാട് മാറ്റങ്ങൾ അവിടെ ഉണ്ടാക്കി. പക്ഷെ, കാലം വളരെ വേഗതയിലാണ് മുന്നോട്ട് പോകുന്നത്. മറ്റ് സമൂഹങ്ങളും വളരെ വേഗതയിലാണ് മുന്നോട്ട് പോകുന്നത്. വളരെ വൈകി ഓട്ടം ആരംഭിച്ച ഞങ്ങൾക്ക് മുന്നോട്ട് എത്താൻ കഴിഞ്ഞില്ല. മാത്രമല്ല ഞങ്ങൾക്ക് ഒരുപാട് പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നു. ഞാൻ നേരത്തെ പറഞ്ഞതുപോലെ മലബാറിന് ഏതെങ്കിലും വിധത്തിൽ സ്ഥാപനങ്ങൾ അനുവദിക്കുമ്പോൾ നിങ്ങൾ അവിടെ വന്ന് ബഹളമുണ്ടാക്കും. ശ്രീ. രാജു എബ്രഹാമും അടക്കം കഴിഞ്ഞ പ്രാവശ്യം അവിടെ ബഹളമുണ്ടാക്കിയിട്ടുണ്ട്. മലപ്പുറത്ത് കോളേജ് കൊടുത്തുപോയാൽ മലബാറിൽ ഒരു സ്ക്കൂൾ കൊടുത്തുപോയാൽ അന്നേരം ഇത് പ്രത്യേക വിഭാഗങ്ങളോടുള്ള പ്രീണനമാണെന്ന് പറഞ്ഞ് ഒച്ചയുണ്ടാക്കിയത്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജു എബ്രഹാമൊന്നും മറന്നിട്ടുണ്ടാകില്ല. അതുകൊണ്ട് ഇനി വരാൻ പോകുന്ന കാലത്ത് ഇത് ഞങ്ങൾ പൂർണ്ണമായി അനുവദിക്കാൻ വേണ്ടി ശ്രമിക്കുമ്പോൾ നിങ്ങൾ ബഹളം ഉണ്ടാക്കരുത്. എല്ലാ ഗവൺമെന്റ് എയ്ഡഡ് സ്ക്കൂളുകളിലും പ്ലസ് ടു അനുവദിക്കണമെന്നുള്ള ആവശ്യം ഉയർത്തിക്കൊണ്ട് ഈ പ്രമേയം പാസാക്കിത്തരണമെന്ന അഭ്യർത്ഥനയോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ഞാൻ ശ്രീ. കുട്ടി അഹമ്മദ് കുട്ടി മലബാറിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയ്ക്കെതിരെ ഏറ്റവും പ്രധാനപ്പെട്ട പ്രമേയമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ പ്രമേയത്തെ ഞാൻ ശക്തിയായി പിൻതാങ്ങുകയാണ്. കേരളപ്പിറവിക്കുശേഷം പല ഗവൺമെന്റുകളും മാറി മാറി കേരളം ഭരിച്ചു. പക്ഷെ ഐക്യ ജനാധിപത്യ മുന്നണി ഭരിച്ചിരുന്ന കാലഘട്ടങ്ങളിൽ ആ മേഖലകളിൽ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ മാറ്റി എടുക്കുന്നതിനുവേണ്ടി വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂടുതൽ അനുവദിക്കപ്പെട്ടപ്പോൾ അതിനെതിരായി ഇവിടെ പ്രതികരിച്ച ആളുകളാണ് ഇന്ന് നമ്മുടെ സംസ്ഥാനം ഭരിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഒരു വിവാദത്തിലേക്ക് ഞാൻ കടക്കുന്നില്ല. മലബാർ മേഖലയിൽ ഏതാണ്ട് 178 ഓളം ഹൈസ്ക്കൂളുകളിൽ ഹയർ സെക്കന്ററി കോഴ്സുകൾ അനുവദിച്ചുകൊണ്ട് ഏതാണ്ട് ഇരുപത്തിരണ്ടായിരത്തിലധികം സീറ്റുകളിൽ കുട്ടികൾക്ക് പ്ലസ് വൺ പ്രവേശനം ലഭ്യമാക്കിയിരിക്കുകയാണ്. അക്കാര്യത്തിൽ ഈ ഗവൺമെന്റിനെ അഭിനന്ദിക്കാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇതുകൊണ്ടൊന്നും മലബാറിന്റെ പ്രശ്നം അവസാനിക്കുന്നില്ല. ഇപ്പോൾ രണ്ട് കോഴ്സുകൾ മാത്രമാണ് 178 ഹയർസെക്കന്ററി സ്ക്കൂളുകൾക്കും അനുവദിച്ചിട്ടുള്ളത്. അതുപോരാ, ശരിയായ സർവ്വേ നടത്തി കോഴ്സുകളുടെ എണ്ണം മൂന്നോ അതല്ലെങ്കിൽ നാലോ ആയി വർദ്ധിപ്പിച്ചാൽ മാത്രമേ അൽപ്പമെങ്കിലും ആശ്വാസം കിട്ടുകയുള്ളൂ. അതേയവസരത്തിൽ കാസർകോട്, മലപ്പുറം, വയനാട് പോലെയുള്ള മലബാറിലെ ജില്ലകൾ വിദ്യാഭ്യാസ രംഗത്ത് വളരെ പിന്നിലാണ്. ഏതാണ്ട് തെക്കൻഭാഗമായ തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള സ്ക്കൂളുകളിൽ സീറ്റുകൾ അധികമാണ്. ഞാൻ അതിലേക്ക് കടക്കുന്നില്ല. അധികമുള്ള സീറ്റുകളുടെ ഒരു അപാകതയുണ്ട്. ശരിയായ സർവ്വേ നടത്തി ഓരോ ജില്ലയിലും പ്ലസ് ടു അനുവദിക്കാത്തതിലുള്ള പോരായ്മ കൊണ്ടാണ് ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടായിട്ടുള്ളത്. അത് പരിഹരിക്കുകയല്ലാതെ കഴിഞ്ഞ കാര്യങ്ങളിലേക്ക് പോയാൽ ഈ പ്രശ്നം പരിഹരിക്കാൻ പോകുന്നില്ല. തൃശ്ശൂർ മുതൽ കാസർകോട് വരെ ഏതാണ്ട് 2,35,170 പേർ ഉപരിപഠന യോഗ്യതയുള്ളപ്പോൾ 2,3055 സീറ്റുകൾ മാത്രമാണുള്ളത്. ഏതാണ്ട് 31,615 കുട്ടികൾക്ക് നിലവിൽ ഉപരിപഠനത്തിന് അവസരം ഉണ്ടായിരുന്നില്ല. അതേയവസരത്തിൽ പ്ലസ് ടു അനുവദിച്ച സാഹചര്യത്തിൽ മലബാറിൽ ഈ സീറ്റുകൊണ്ടൊന്നും ഒരിക്കലും എവിടേയും എത്തുകയില്ല. അതുകൊണ്ട് നിലവിലുള്ള എല്ലാ ഹൈസ്ക്കൂളുകളിലും പ്ലസ്ടു അനുവദിക്കാനുള്ള നടപടിയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. 178 ഹയർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സെക്കന്ററി സ്ക്കൂൾ അനുവദിച്ചപ്പോൾ മലബാറിൽ നിന്നുള്ള വലിയൊരു വിഭാഗം കുട്ടികൾ ഉപരിപഠനത്തിന് മാർഗ്ഗമില്ലാതെ പഠിപ്പ് നിർത്തേണ്ടിവരുന്ന അവസ്ഥയാണുണ്ടാകുന്നത്. അതുപോലെ അഡീഷണൽ ബാച്ചുകൾക്കുള്ള അപേക്ഷ ക്ഷണിച്ചുവെങ്കിലും ഗവൺമെന്റ് ഇതുവരേയും ഇതു സംബന്ധിച്ചുള്ള യാതൊരു തീരുമാനവുമെടുത്തിട്ടില്ല. അതുകൊണ്ട് അടിയന്തരമായി അഡീഷണൽ ബാച്ച് കൊടുക്കാനാവശ്യമായ നടപടികൾ ആരംഭിക്കണം. അദ്ധ്യയന വർഷം ആരംഭിച്ച് രണ്ടുമാസമായിയെങ്കിലും അഡീഷണൽ ബാച്ച് ആരംഭിക്കുന്ന കാര്യത്തിൽ അന്തിമമായ തീരുമാനം എടുത്തിട്ടില്ല. പുതിയ എൽ.പി., യു.പി. സ്ക്കൂളുകളും അതുപോലെ ഹൈസ്ക്കൂളുകളും അനുവദിച്ചിട്ട് എത്രയോ വർഷമായി. ഇന്ന് സർക്കാർ ഹൈസ്ക്കൂളുകളില്ലാത്ത നിരവധി പഞ്ചായത്തുണ്ട്. ഹൈസ്ക്കൂളുകളില്ലാത്ത എല്ലാ പഞ്ചായത്തിലും ഗവൺമെന്റ് അടിയന്തരമായി ഹൈസ്ക്കൂളുകൾ അനുവദിക്കണം. എന്റെ നിയോജമമണ്ഡലത്തിൽതന്നെ ഹൈസ്ക്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകളുണ്ട്, ഗവൺമെന്റ് ഹൈസ്ക്കൂളുകൾ ഇല്ലാത്ത സാഹചര്യത്തിൽ അവിടെ ഹയർ സെക്കന്ററി സ്ക്കൂൾ പോലും അനുവദിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അതുകൊണ്ട് അടിയന്തരമായി പുതിയ സർക്കാർ സ്ക്കൂളുകൾ അനുവദിക്കണം. ഏകജാലകംവഴി ഉയർന്നഗ്രേഡ് കിട്ടിയ കുട്ടികൾക്ക് മാത്രമേ ഇപ്പോൾ സീറ്റ് ലഭിച്ചിട്ടുള്ളു. അതിൽ അധികം കുട്ടികളും വീട്ടിൽ നിന്ന് വളരെ അകലെ പോയാണ് പഠിക്കേണ്ടിവരുന്നത്. അതുകൊണ്ട് പുതിയ പ്ലസ് ടു കോഴ്സുകൾ അനുവദിച്ചതുകാരണം കുട്ടികൾക്ക് വീടിന് അടുത്തുള്ള സ്ക്കൂളിലേക്ക് മാറാനുള്ള അവസരം കൂടി ലഭ്യമാകുന്നത് വളരെയധികം അനുഗ്രഹമായിരിക്കും. ഓരോ നഗരസഭകളിലും പഞ്ചായത്തുകളിലും എസ്.എസ്.എൽ.സി. പാസാകുന്ന കുട്ടികൾക്ക് നിലവിലുള്ള സീറ്റുകൾക്ക് പുറമെ അധികം വരുന്നവയ്ക്ക് ഓരോ ഹയർ സെക്കന്ററി സ്ക്കൂളുകൾ പുതിയതായി തുടങ്ങാൻ ആവശ്യമായ നടപടി സ്വീകരിക്കണം. ഓരോ പഞ്ചായത്തിലും മുനിസിപ്പാലിറ്റികളിലും അവിടെ എത്ര എസ്.എസ്.എൽ.സി. പാസായ കുട്ടികളുണ്ടെന്നുള്ളതനുസരിച്ച് ഹയർ സെക്കന്ററി സീറ്റുകൾ അതാതു പഞ്ചായത്ത് അടിസ്ഥാനത്തിൽത്തന്നെ നിലവിലുള്ള ഹൈസ്ക്കൂളുകളിൽ അനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെ കാസർകോട് മണ്ഡലത്തിൽ മൊഗ്രാൽ പുത്തൂർ പഞ്ചായത്തിലെ കുട്ടികൾ ടെക്നിക്കൽ ഹൈസ്ക്കൂളിൽ ഹൈസ്ക്കൂൾ പഠനം പൂർത്തിയാക്കിക്കഴിഞ്ഞാൽ അവർക്ക് ഉപരിപഠനം നടത്തുന്നതിന് ടെക്നിക്കൽ ഹയർസെക്കന്ററി സ്ക്കൂളുകൾ ഇല്ല. അതുകൊണ്ട് അടിയന്തരമായും ഹയർസെക്കന്ററി സ്ക്കൂളിനോടൊപ്പം തന്നെ ടെക്നിക്കൽ ഹയർസെക്കന്ററി സ്ക്കൂളും കൂടി അനുവദിക്കണം. അതുപോലെ എന്റെ മണ്ഡലത്തിലെ മൊഗ്രാൽ പുത്തൂർ ടെക്നിക്കൽ ഹൈസ്ക്കൂൾ ഒരു ടെക്നിക്കൽ ഹയർ സെക്കന്ററി ഹൈസ്ക്കൂളായി ഉയർത്താനാവശ്യമായ നടപടി സ്വീകരിക്കണം. ഗതാഗത പ്രശ്നം ഏറ്റവും വലിയ പ്രശ്നമാണ്. വൈകുന്നേരം ഒരുപാട് അപകടങ്ങൾ ഉണ്ടാകുന്നു. സ്ക്കൂൾ വിട്ടാൽ

LIBRARY ARCHIVES Kerala Legislative Assembly

ബസ്സിൽ കയറുന്ന ബുദ്ധിമുട്ട്, കുട്ടികൾക്ക് ബസ്സിൽ സീറ്റ് കിട്ടാനുള്ള ബുദ്ധിമുട്ടുകൾ ഉണ്ട്. അതുകൊണ്ട് അടിയന്തരമായും 'സ്റ്റുഡന്റ്സ് ഒൺലി' ബസ്സുകൾ വിദ്യാലയങ്ങളോടനുബന്ധിച്ച് അനുവദിച്ച് കിട്ടാനാവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെ പാഠപുസ്തകങ്ങൾ ഇല്ലാത്തിടത്ത് അവ അടിയന്തരമായി എത്തിക്കാനും അദ്ധ്യാപകരും ഹെഡ്മാസ്റ്റർമാരും ഇല്ലാത്ത സ്ക്കൂളുകളിൽ എത്രയും വേഗത്തിൽ അദ്ധ്യാപകരെ നിയമിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം. കെട്ടിടമില്ലാതെയും ലബോറട്ടറികളില്ലാതെയും ലൈബ്രറികളില്ലാതെയും നിരവധി ഹയർസെക്കന്ററി സ്ക്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. മറ്റേതെങ്കിലും ഏജൻസികളുടെ സഹായം ലഭ്യമാക്കിക്കൊണ്ട് അവയ്ക്കാവശ്യമായ പദ്ധതികൾ തയ്യാറാക്കണം. എത്രയും വേഗത്തിൽ ഹയർസെക്കന്ററി കോഴ്സുകൾ അനുവദിച്ചതുകൊണ്ട് മാത്രമായില്ല, ലോകബാങ്കിന്റെ സഹായത്തോടെ സ്ക്കൂളുകളിലെ ഭൗതീക സൗകര്യങ്ങൾക്കൂടി മെച്ചപ്പെടുത്താനാവശ്യമായ നടപടികൾ ഉണ്ടാകണം. നേഴ്സറി ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലേക്ക് അയയ്ക്കാൻ കഴിയാത്ത ഗ്രാമപ്രദേശത്തെ പാവപ്പെട്ട കുട്ടികൾ പഠിക്കാൻ ആശ്രയിക്കുന്ന ഏക വിദ്യാലയമാണ് എം.ജി.എൽ.സി. ആ സ്ക്കൂളുകൾ ഇന്ന് അനിശ്ചിതത്വത്തിലാണ്. ആ സ്ക്കൂളുകളെല്ലാം തന്നെ അടിയന്തരമായി എൽ.പി. സ്ക്കൂളാക്കി മാറ്റാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുകയാണ്.

ശ്രീ. വി. ശശികുമാർ : സർ, പത്താം ക്ലാസ്സ് പാസ്സായ, പ്ലസ് ടൂ-വിന് എലിജിബിളായ മുഴുവൻ കുട്ടികൾക്കും പ്ലസ് ടൂ-ന് പഠിക്കാൻ സൗകര്യമേർപ്പെടുത്തണമെന്നാണ് ഇപ്പോൾ ഇവിടെ പ്രമേയത്തിലൂടെ ആവശ്യപ്പെട്ടിരിക്കുന്നത്. കേരളത്തിൽ ഇത് യാഥാർത്ഥ്യമായിരിക്കുകയാണ്. എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായ മൊത്തം കുട്ടികൾക്കും കേരളത്തിലാകെയുള്ള പ്ലസ് ടൂ-വിലും മറ്റ് ഐ.ടി.ഐ., പോളിടെക്നിക് പോലെയുള്ള സ്ഥാപനങ്ങളിലുമായി ചേരാനുള്ള സൗകര്യമുണ്ട്. യഥാർത്ഥത്തിൽ കേരളത്തിലുണ്ടായിരുന്ന പ്രശ്നം അതല്ല. മലബാറിലെ ആറ് ജില്ലകളിൽ പത്താം ക്ലാസ്സ് പാസ്സായ കുട്ടികൾക്ക്, അതായത് പ്ലസ് ടൂ-വിന് പഠിക്കാൻ എലിജിബിളായ കുട്ടികൾക്ക് പ്രവേശനം നേടാനുള്ള സൗകര്യമില്ല. അവിടെയാണ് കേരളത്തിൽ യഥാർത്ഥത്തിലുള്ള പൊരുത്തക്കേടുള്ളത്. അതാണ് കേരളത്തിലെ ഹയർ സെക്കന്ററിയിലെ അടിയന്തരമായ പ്രശ്നം. ആ പ്രശ്നത്തിന് പരിഹാരം കാണുകയെന്നതായിരുന്നു കേരളത്തിലെ എല്ലാ വിദ്യാർത്ഥി സംഘടനകളും എല്ലാ ജനപ്രതിനിധികളും തുടർച്ചയായി ആവശ്യപ്പെട്ടുപോന്നിരുന്നത്. ഇപ്പോൾ അതിനാണ് പരിഹാരമായിരിക്കുന്നത്. 2008-ൽ രണ്ട് ഘട്ടങ്ങളിലായി 26,000-ലേറെ സീറ്റുകൾ അനുവദിക്കുകയും ഇപ്പോൾ 178 സ്കൂളുകളിൽ പ്ലസ് ടൂ അനുവദിക്കുകയും ചെയ്യുകവഴി മലബാറിലെ പത്താംക്ലാസ്സ് പാസ്സായ മുഴുവൻ കുട്ടികൾക്കും ഉപരിപഠനത്തിനുള്ള സൗകര്യമൊരുക്കിയിരിക്കുന്നു എന്ന വസ്തുതയുടെ മുമ്പിലാണ് നമ്മൾ നിൽക്കുന്നത്. അതുകൊണ്ട് ഈ പ്രമേയം യഥാർത്ഥത്തിൽ മലബാറിൽ 178 സ്കൂളുകളിൽ പ്ലസ് ടൂ അനുവദിച്ച കേരളാ ഗവൺമെന്റിനെ അഭിനന്ദിക്കുന്നു എന്നുപറയുന്ന ഒരു പ്രമേയമാക്കി

മാറ്റേണ്ടതായിരുന്നു. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി അത്തരമൊരു സമീപനമല്ല ഇവിടെ എടുത്തത്. മലബാറിൽ തുടർച്ചയായിട്ടുള്ള ഈ പ്രശ്നത്തിന് പരിഹാരം കണ്ട ഗവൺമെന്റിനെ പരസ്യമായി അഭിനന്ദിക്കാൻ മടിയുള്ളതുകൊണ്ട് കേരളത്തിലെമ്പാടുമുള്ള എല്ലാ പ്രശ്നങ്ങൾക്കും ഒറ്റയടിക്ക് പരിഹാരം കാണണമെന്ന ഒരു പ്രമേയമാക്കി അദ്ദേഹം മാറ്റുകയാണ് ചെയ്തത്. ഇവിടെ സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞ കാര്യങ്ങളോട് ഞാൻ വിയോജിക്കുന്നില്ല. ഇനി എവിടെയെങ്കിലും പ്ലസ് ടു സൗകര്യം ഒരുക്കേണ്ടതുണ്ടെങ്കിൽ, ഏതെങ്കിലും മേഖലയിൽ വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് അസൗകര്യമുണ്ടെങ്കിൽ അത് ഏർപ്പെടുത്തുന്നതിനുവേണ്ടി ഗവൺമെന്റ് അതിന്റെ സാമ്പത്തികനില പരിശോധിച്ചുകൊണ്ട് പരിഗണിക്കണമെന്നുതന്നെയാണ് എന്റേയും അഭിപ്രായം. അതോടൊപ്പം ഇപ്പോൾ പ്ലസ് ടു അനുവദിച്ചിട്ടുള്ള സ്കൂളുകളിലുള്ള പശ്ചാത്തല സൗകര്യങ്ങൾ ഉറപ്പു വരുത്തുകയെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അവിടുത്തെ ലാബ്, കെട്ടിടം, അവിടുത്തെ സൗകര്യങ്ങൾ, അദ്ധ്യാപകർ തുടങ്ങിയ കാര്യങ്ങൾ ഉറപ്പുവരുത്തിക്കൊണ്ടുമാത്രമേ പുതിയ പ്ലസ് ടു-വിനെക്കുറിച്ച് ചിന്തിക്കുന്നതിൽ അർത്ഥമുള്ളു. ഇവിടെ ഗവൺമെന്റ് ചെയ്തിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം, കേരളത്തിലെ എല്ലാ സർക്കാർ ഹൈസ്കൂളുകളിലുമാണ് ആദ്യം പ്ലസ് ടു അനുവദിച്ചത് എന്നുള്ളതാണ്. ഇത് വളരെ പ്രധാനപ്പെട്ട ഒരു സ്റ്റെപ്പാണ്. കേരളത്തിലെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഒരു പോലെ അവരുടെയിടയിൽനിന്ന് കൈക്കൂലിയും കോഴയും വാങ്ങുന്ന രീതിയാണ് മാനേജ്മെന്റ് സ്കൂളുകളിൽ കാണാൻ കഴിയുന്നത്. അതിന് പകരമായി മലബാറിലെ സർക്കാർ മേഖലയിലുള്ള സ്കൂളുകളിൽ ആദ്യം പ്ലസ് ടു അനുവദിച്ചു. ഇതൊരു പ്രധാനപ്പെട്ട സ്റ്റെപ്പായിരുന്നു. സർക്കാർ സ്കൂളുകളില്ലാത്ത പഞ്ചായത്തുകളിൽ ഒരു സ്കൂളെങ്കിലും പ്ലസ് ടു-ഉണ്ടെന്ന് ഉറപ്പുവരുത്തുകയെന്നതാണ് ഇപ്പോൾ ഗവൺമെന്റ് എടുത്തിട്ടുള്ള സമീപനം. കേരളത്തിലെ ജനങ്ങൾ ആവശ്യപ്പെട്ടുവന്നതിന്റെ തുടർച്ചയായി ഏറ്റവും യുക്തിസഹമായി എടുത്തിട്ടുള്ള ഒരു തീരുമാനമാണിത്. ആ തീരുമാനമെടുത്തതിന് എൽ.ഡി.എഫ്. ഗവൺമെന്റിനെ ഞാൻ മുക്തകണ്ഠം അഭിനന്ദിക്കുകയാണ്. മലബാറിനോടുള്ള അവഗണനക്ക് പരിഹാരം കാണുന്നതിൽ ഈ രംഗത്ത് മാത്രമല്ല ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ശ്രമിച്ചിട്ടുള്ളത്. നമുക്കെല്ലാവർക്കുമറിയാം, സ്വാതന്ത്ര്യത്തിന് മുമ്പുതന്നെ ബ്രിട്ടീഷ് ഭരണത്തിൻ കീഴിലും പിന്നീട് ഐക്യകേരള പിറവിക്കു ശേഷവും സംസ്ഥാനത്ത് മലപ്പുറംപോലെയുള്ള ജില്ലകളിൽ പല കാരണങ്ങളാൽ വലതുപക്ഷ രാഷ്ട്രീയ ശക്തികൾക്ക് സ്വാധീനമുള്ളതുകൊണ്ടും അവർ വിദ്യാഭ്യാസ മേഖലയിൽ നൽകിയിട്ടുള്ള സംഭാവനകൾ എടുത്ത് പരിശോധിച്ചാൽ സ്വകാര്യ സ്കൂൾ മാനേജ്മെന്റുകൾക്കാണ് യു.ഡി.എഫ്. ഭരണത്തിൻകീഴിൽ സംരക്ഷണം ലഭിച്ചുപോന്നിട്ടുള്ളതെന്ന് നമുക്ക് കാണാൻ കഴിയും. സ്വകാര്യ സ്കൂളുകളും സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളുമാരംഭിക്കുന്നതിലാണ് യു.ഡി.എഫ്. ഗവൺമെന്റ് എന്നും മുൻകയ്യെടുത്തുപോന്നിട്ടുള്ളത്. എന്നാൽ അതിൽനിന്നും വ്യത്യസ്തമായി സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

സ്കൂളുകൾക്കും പൊതുവിദ്യാലയങ്ങൾക്കും പ്രാമുഖ്യം കൊടുക്കുന്ന ഒരു നടപടിയാണ് കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് എടുത്തിട്ടുള്ളതെന്ന് നമുക്ക് കാണാൻ കഴിയും.

ശ്രീ. പി. ജയരാജൻ : സർ, ബഹുമാനപ്പെട്ട അംഗം പറയുന്നത് ശരിയാണ്. പക്ഷേ മലബാറിൽ പുതിയ പ്ലസ് ടു സ്കൂളുകൾ അനുവദിക്കുന്ന കാര്യത്തിൽ സർക്കാർ സ്കൂളുകളേക്കാളും കൂടുതലാണ് സ്വകാര്യ മാനേജ്മെന്റുകൾക്ക് അനുവദിച്ചിട്ടുള്ളത്. ഈ ഗവൺമെന്റിനെതിരായി ഇപ്പോൾ ഇടയലേഖനമിറക്കിയിട്ടുള്ള കത്തോലിക്കാ സഭ ഈശ്വര വിശ്വാസത്തിന്റെ പേരുപറഞ്ഞുകൊണ്ടാണല്ലോ ഇടതുപക്ഷ ഗവൺമെന്റിനെ എതിർക്കാൻവേണ്ടി ഇടയലേഖനം പുറപ്പെടുവിച്ചിട്ടുള്ളത് കേരളത്തിൽ മൊത്തം അനുവദിച്ച 178 പ്ലസ് ടു സ്കൂളുകളിൽ 48 എണ്ണവും ക്രിസ്ത്യൻ സഭാ മാനേജ്മെന്റിനാണ് നല്കിയത് എന്നുപറഞ്ഞാൽ വിശ്വാസികളുടെ താൽപ്പര്യം സംരക്ഷിക്കുന്ന സഭാ മാനേജ്മെന്റുകൾ നടത്തുന്ന സ്കൂളുകൾക്കാണ് എന്നർത്ഥം. മുസ്ലീം സമുദായത്തിന്റെ മാനേജ്മെന്റിന് 43 എണ്ണവും, ഹിന്ദു സമുദായത്തിൽപ്പെട്ടവരുടെ മാനേജ്മെന്റിന് 63 എണ്ണവും. എന്നാൽ ഗവൺമെന്റ് മേഖലയിൽ ഇരുപത്തിമൂന്നോ ഇരുപത്തിനാലോ സ്കൂളുകൾക്ക് മാത്രമേ അനുവദിച്ചിട്ടുള്ളൂ. അപ്പോൾ മലബാർ മേഖലയോട് മാത്രമല്ല, മതന്യൂനപക്ഷങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അർഹമായ പരിഗണന കൊടുത്ത ഗവൺമെന്റാണ് കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് എന്ന കാര്യം ബഹുമാനപ്പെട്ട വി. ശശികുമാർ മനസ്സിലാക്കിയിട്ടില്ലേ ?

ശ്രീ. വി. ശശികുമാർ : ഞാൻ അത് അംഗീകരിക്കുന്നു. പക്ഷേ, അതിന്റെയൊരു മറുപുറം ഉണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണത്തിൻ കീഴിൽ ആയിരുന്നെങ്കിൽ ഒരുകാരണവശാലും സർക്കാർ സ്കൂളുകൾ അംഗീകരിക്കപ്പെടുമായിരുന്നില്ല. പ്രീ-ഡിഗ്രി ബോർഡ് രൂപീകരിക്കപ്പെട്ടശേഷം ആ പ്രീ-ഡിഗ്രി ബോർഡിനെ കേരളത്തിലെ സ്വകാര്യ കോളേജുകളുമായി ബന്ധിപ്പിക്കാനാണ് അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് ശ്രമിച്ചിരുന്നത്. അത് മാറ്റി പിന്നീട് ദേശീയ വിദ്യാഭ്യാസത്തിന്റെ ഭാഗമായി പ്ലസ് ടു വിദ്യാഭ്യാസത്തിലേക്ക് നമ്മുടെ വിദ്യാഭ്യാസ മേഖലയെ കൊണ്ടുവന്നതു തന്നെ ഇടതുപക്ഷ ഗവൺമെന്റായിരുന്നു. ആ ഗവൺമെന്റിന്റെ തുടർച്ചയായി ഇപ്പോൾ കേരളത്തിലെ സർക്കാർ സ്കൂളുകൾക്ക് പരിഗണന കൊടുക്കുകയും പിന്നീട് എല്ലാ സ്വകാര്യ മാനേജ്മെന്റുകളേയും മത, ജാതി പരിഗണനകൾ പരിശോധിക്കാതെ സ്വകാര്യ മേഖലയിൽ സംവിധാനമുള്ള മുഴുവൻ സ്കൂളുകൾക്കും പ്ലസ് ടു കൊടുക്കുകയെന്ന നിലപാട് മലബാറിനോടുള്ള പൊതു സമീപനത്തെയാണ് പ്രകടിപ്പിക്കുന്നത്. ഇത് വിദ്യാഭ്യാസ മേഖലയിൽ മാത്രമല്ല, മലബാർ പാക്കേജ് ഈ ഗവൺമെന്റ് കൊണ്ടുവന്ന ഒന്നാണ്. മലബാറിന്റെ പൊതുവായിട്ടുള്ള പിന്നോക്കാവസ്ഥക്ക് പരിഹാരം കാണുന്നതിനുവേണ്ടിയാണ് ഏതാണ്ട് മൂവായിരം കോടി രൂപ അനുവദിച്ചു കൊണ്ട് പശ്ചാത്തല മേഖലയിലും അതുപോലെ കുടിവെള്ള മേഖലയിലും

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികളാരംഭിക്കാൻ മലബാർ പാക്കേജ് ആരംഭിച്ചത്. കെ.എസ്.ആർ.ടി.സി. മലബാറിൽ വളരെ കുറവായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് മലബാർ എന്ന ഒരു സർവ്വീസ്തന്നെ ആ മേഖലയിൽ ഇപ്പോൾ ഓടാൻ തുടങ്ങിയത്. അങ്ങനെ മലബാറിന്റെ പിന്നോക്കാവസ്ഥക്ക് പരിഹാരം കാണുന്നതിന് പണ്ടുകാലം മുതൽതന്നെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് എടുത്തിട്ടുള്ള സമീപനം ഇന്ന്, വിദ്യാഭ്യാസ മേഖലയിലും ഒരു സമതുലനാവസ്ഥ ഉണ്ടാക്കുന്നതിൽ മുഖ്യപങ്കായി ഇടതുപക്ഷ ഗവൺമെന്റിന്റെ പ്ലസ് ടു അനുവദിച്ചനടപടി മാറിയിട്ടുണ്ടെന്നാണ് എന്റെ വിനീതമായ അഭിപ്രായം. മലബാർ വിദ്യാഭ്യാസ മേഖലയിൽ പ്ലസ് ടു മാത്രമല്ല, കാസർഗോഡ് അനുവദിച്ച സെൻട്രൽ യൂണിവേഴ്സിറ്റിയും മലപ്പുറത്തിന് അനുവദിച്ചുകിട്ടിയ അലിഗഢ് മുസ്ലീം സർവ്വകലാശാലയും നേടിയെടുക്കാനും അത് യാഥാർത്ഥ്യമാക്കാനും മുൻകയ്യെടുക്കുകവഴി മലബാറിന്റെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥക്ക് ഏതുകാലത്തും സമാനതകളില്ലാത്ത സഹായമാണ് ഇടതുപക്ഷ ഗവൺമെന്റ് എടുത്തിട്ടുള്ളതെന്ന് നമുക്ക് കാണാൻ കഴിയും. ഏത് ഗവൺമെന്റാണെങ്കിലും ആ ഗവൺമെന്റിന്റെ ബാധ്യതയാണ്; അതിൽ എടുത്തു പറയാനൊന്നുമില്ലെന്നാണ് ഇവിടെ ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി സൂചിപ്പിച്ചത്.

[അദ്ധ്യക്ഷവേദിയിൽ മി. ചെയർമാൻ (ശ്രീ. എം. ചന്ദ്രൻ)]

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, എൽ.ഡി.എഫ്. ഗവൺമെന്റിനെതിരായിട്ടുള്ള ഒരു പൊതുവിമർശനം യു.ഡി.എഫ്. നടത്തുന്നത് മതന്യൂനപക്ഷവിരുദ്ധ സമീപനമാണ് എൽ.ഡി.എഫ്. ഗവൺമെന്റ് എടുക്കുന്നത് എന്നുള്ളതാണ്. ഇപ്പോൾ അനുവദിച്ചിട്ടുള്ള പ്ലസ് ടു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തൃശ്ശൂർ ജില്ലക്ക് അനുവദിച്ച 33 എണ്ണത്തിൽ 13-ഉം ക്രിസ്ത്യൻ മാനേജുമെന്റാണ് നടത്തുന്നത്. താങ്കളുടെതന്നെ മലപ്പുറം ജില്ലയിൽ അനുവദിച്ച 25 പ്ലസ് ടു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഏതാണ്ട് 19-ഓളം മുസ്ലീം മാനേജുമെന്റുകളാണ് നടത്തുന്നത്. അപ്പോൾ ഈ ഗവൺമെന്റ് വിദ്യാഭ്യാസരംഗത്ത് മതന്യൂനപക്ഷത്തിന് വിരുദ്ധമായൊരു സമീപനമാണ് കാട്ടുന്നതെന്ന് പറയാൻ പറ്റുമോ ?

ശ്രീ. വി. ശശികുമാർ: സർ, ഒരിക്കലും പറയാൻ കഴിയില്ല. വിദ്യാഭ്യാസ മേഖലയിലെ കച്ചവട താൽപ്പര്യത്തെ എതിർത്തതിനെയാണ് മതത്തിന്റെ ഒരു പരിവേഷം വച്ചുകൊണ്ട്, മതത്തിന്റെ ഒരു മറ വച്ചുകൊണ്ട് മതന്യൂനപക്ഷത്തിനും വിശ്വാസങ്ങൾക്കുമെതിരാണ് എന്ന പ്രചാരണം ഇവിടെ നടത്തിയിരിക്കുന്നത്. ഇന്നലെ വൈകുന്നേരം നമ്മുടെ സഭയിൽ നടന്ന ചർച്ചയുടെ ഒരു കണ്ടെന്റും അതുതന്നെയായിരുന്നുവെന്ന് ചൂണ്ടിക്കാണിക്കുകയാണ്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ഇവിടെ എന്റെ പ്രമേയത്തിൽ ഞാൻ മതന്യൂനപക്ഷങ്ങളെ എതിർത്തൊന്നും പറഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

പ്രമേയത്തിൽ രാഷ്ട്രീയമൊന്നും പറയേണ്ട ആവശ്യമില്ല. പക്ഷേ എന്റെ സ്പിരിറ്റ് എന്താണെന്നുപറഞ്ഞാൽ അത് എല്ലാ സ്കൂളുകൾക്കും അനുവദിക്കണം, തിരുവിതാംകൂർ അടക്കമുള്ള എല്ലാ സ്ഥലത്തും സ്കൂൾ സ്ഥാപിക്കണമെന്നാണ്. പക്ഷേ നിങ്ങൾ മതന്യൂനപക്ഷങ്ങളെ എതിർത്തിട്ടില്ല എന്ന് ഇവിടെ പറഞ്ഞു. ഈ മതന്യൂനപക്ഷങ്ങളുടെ കച്ചവടതാൽപ്പര്യത്തെയാണ് എതിർത്തതെന്ന് പറഞ്ഞുകൊണ്ട് ഇപ്പോഴത്തെ മുഖ്യമന്ത്രി ഗവർണ്ണർക്ക് കൊടുത്ത കത്ത് വായിച്ചിട്ടുണ്ടോ ? ഇവിടെ ഞങ്ങൾ സ്കൂൾ കൊടുത്തതിനെതിരെ പറഞ്ഞിട്ടുണ്ട്. ഒരു സമുദായത്തിന് ഇഷ്ടംപോലെ ഖജനാവിൽനിന്ന് പണം വാരിക്കോരി ചെലവഴിച്ച്, വേസ്റ്റാക്കി പ്രത്യേകമായി കൊടുക്കുന്നുവെന്നാണ് പറഞ്ഞത്. കുറ്റിപ്പുറം കോളേജ് അടക്കം കൊടുത്തതിനെപ്പറ്റിയാണ് പറഞ്ഞത്. അപ്പോൾ ശ്രീ. എ. കെ. ബാലൻ ഇപ്പോൾ പറഞ്ഞത് ശരിയല്ല. നിങ്ങൾക്ക് കുറച്ച് മതന്യൂനപക്ഷങ്ങളോട് ഒരു വിരോധമുണ്ടായിരുന്നുവെന്നകാര്യം അങ്ങ് ഒന്ന് ശ്രദ്ധിക്കണം.

ശ്രീ. വി. ശശികുമാർ : സർ, ഉണ്ടായിരുന്നു. ഇപ്പോൾ മാറിയെന്നാണ് അങ്ങ് ഉദ്ദേശിച്ചതെന്ന് എനിക്ക് തോന്നുന്നു. മറ്റൊരു കാര്യം, മലപ്പുറം ജില്ലയെ സംബന്ധിച്ച് അവിടത്തെ ജില്ലാ പഞ്ചായത്തിന്റെ വിജയഭേരി പദ്ധതിയെക്കുറിച്ച് ഇവിടെ എടുത്തുപറയുകയുണ്ടായി. സംസ്ഥാനത്തെ ഓരോ ജില്ലാപഞ്ചായത്തും ഓരോ ഗ്രാമപഞ്ചായത്തും ഇതുപോലുള്ള വിദ്യാഭ്യാസ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ആ വിദ്യാഭ്യാസ പദ്ധതികൾ ഇവിടെ നടപ്പിലാക്കുന്നതിന് കേരള ഗവൺമെന്റ് നൽകുന്ന ഒരു പൊതു മാർഗ്ഗനിർദ്ദേശത്തെ, ഒരു പൊതുനേതൃത്വത്തെ എന്തുകൊണ്ടാണ് നിങ്ങൾ താഴ്ത്തിക്കെട്ടുന്നത് ? മലപ്പുറം ജില്ലയിലെ വിദ്യാഭ്യാസ റിസൾട്ട് വർദ്ധിക്കുന്നതിൽ വിജയഭേരി പദ്ധതി സഹായകമായിട്ടുണ്ടെന്ന് കേരള ഗവൺമെന്റുതന്നെ അംഗീകരിച്ചിട്ടുണ്ട്.

മി. ചെയർമാൻ : ശ്രീ. വി. ശശികുമാർ അടുത്ത പ്രമേയം കൂടി എടുക്കേണ്ടതുണ്ട്.

ശ്രീ. വി. ശശികുമാർ : സർ, മലപ്പുറം ജില്ലാ പഞ്ചായത്തിന് താഴെയുള്ള നിരവധി ഗ്രാമപഞ്ചായത്തുകളിൽ വന്നിട്ടുള്ള പദ്ധതികൾ വളരെ പ്രധാനപ്പെട്ടതാണ്. അതിനെ മാറ്റിവച്ചുകൊണ്ട് വിജയഭേരി പദ്ധതി കേമമാണെന്നും കേരള ഗവൺമെന്റ് നടപ്പാക്കുന്ന വിദ്യാഭ്യാസ പദ്ധതികളൊക്കെ മോശമാണെന്നും പറയുന്ന ഒരു രീതി എന്തൊരു വിരോധാഭാസമാണ്.

ശ്രീ. എ. കെ. ബാലൻ : സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. എം. എ. ബേബി കൊണ്ടുവന്ന സ്വാശ്രയവിദ്യാഭ്യാസ നിയമത്തേയും ന്യൂനപക്ഷ വിരുദ്ധനിയമമാണെന്നാണ് അവർ പറഞ്ഞത്. ആ നിയമത്തിന്റെ പ്രധാനപ്പെട്ട ഒരു ഉള്ളടക്കം മതന്യൂനപക്ഷ സംരക്ഷണമാണ്. മറ്റൊന്ന് മുന്നോക്കസമുദായത്തിലെ പാവപ്പെട്ടവർക്ക് പത്തുശതമാനം സംവരണം ഉറപ്പുവരുത്തിയ ഇന്ത്യാ രാജ്യത്തിലെ ആദ്യത്തെ നിയമത്തെയും തുരങ്കം വച്ചതാണ് നമ്മുടെ പ്രതിപക്ഷം എന്നുള്ളതാണ്. അത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ശശികുമാർ: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യം നമ്മൾ എത്രയോതവണ ഈ സഭയിൽ ചർച്ച ചെയ്തതാണ്. ആ വിദ്യാഭ്യാസ നിയമം കേരളത്തിലെ മുന്നോക്ക-പിന്നോക്ക വ്യത്യാസമില്ലാതെ വിദ്യാഭ്യാസക്കച്ചവടത്തിന് ഒരറുതിവരുത്താൻ കേരളത്തിലെവിദ്യാഭ്യാസ ചരിത്രത്തിൽ വന്നിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട, മാതൃകാപരമായ വിദ്യാഭ്യാസ നിയമമായിരുന്നു. അതിനെ ഒരു ഭാഗത്ത് അംഗീകരിക്കുകയും മറുഭാഗത്ത് തെരുവിൽ അതിനെ വലിച്ചിഴയ്ക്കുകയും ചെയ്യുകവഴി ചരിത്രത്തിൽ നിങ്ങൾ ഒരു ഘട്ടത്തിൽ കയ്യും കെട്ടി മറുപടി പറയേണ്ടിവരുമെന്ന് ഞാൻ ഇവിടെ വ്യക്തമാക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ശ്രീ. വി. ശശികുമാർ ചരിത്രത്തിൽ ഒരു മറുപടിയും പറയാൻപറ്റാതെ ഇരിക്കേണ്ടിവരും. സംസ്ഥാന ഗവൺമെന്റ് ഒരു നിയമം കൊണ്ടുവരുമ്പോൾ ഭരണഘടനയുടെ പ്രൊട്ടക്ഷൻ വിധേയമായിട്ട് ആ നിയമം പോകണമെന്നുള്ളത് സാമാന്യ ബുദ്ധിയും സാമാന്യമായ നിയമ ജ്ഞാനവുമുള്ള ആളുകൾക്ക് അറിയാം. ഇവിടെ 30(1) എന്നുപറയുന്ന ഫണ്ടമെന്റൽ റൈറ്റ് ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ടവർക്കുണ്ട്. ആ ഫണ്ടമെന്റൽ റൈറ്റിനെ ഇൻഫ്രിൻജ് ചെയ്യത്തക്കവിധത്തിൽ ബോധപൂർവ്വം ഈ നിയമം കോടതിയിൽ പോകുന്നെങ്കിൽ പൊയ്ക്കൊള്ളട്ടെ എന്നുള്ള ധാരണ വച്ചുകൊണ്ട് ഈ നിയമം ആ രൂപത്തിൽ കൊണ്ടുവന്നതുകൊണ്ടാണ് ആ നിയമത്തെ ഞങ്ങൾ എതിർത്തതും ആ നിയമം കോടതിയിൽ പോയതും. ഇവിടെ രണ്ടാമത്തെ പ്രശ്നം പറഞ്ഞല്ലോ. മുന്നോക്കസമുദായത്തിലെ പിന്നോക്ക വിഭാഗത്തിൽപ്പെട്ട ആളുകൾക്ക്....സുപ്രീം കോടതിയുടെ ഒരു വിധിയുണ്ട്. ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട ആളുകൾക്ക്കിട്ടുന്ന ആനുകൂല്യം ഭൂരിപക്ഷത്തിൽപ്പെട്ടുപോയി എന്നുള്ളതുകൊണ്ട് ഭൂരിപക്ഷവിഭാഗത്തിൽപ്പെട്ട ആളുകൾക്ക് വിദ്യാഭ്യാസ രംഗത്തുള്ള അർഹത നിഷേധിക്കരുത് എന്ന്. അതുകൊണ്ട് ഒരു വലിയ സൗജന്യം കൊടുത്തുവെന്നൊന്നും വിചാരിക്കേണ്ടതില്ല. അവർക്കും അർഹതപ്പെട്ടതാണ്. ആ പാവപ്പെട്ട ആളുകളും ജീവിച്ചോട്ടെ. അതിനുവേണ്ടിയുള്ള നടപടിയുമെടുത്തോട്ടെ. പക്ഷേ ഒരു കാര്യം ഓർത്തോളൂ. ആദ്യം ഇതുപോലുള്ള ഒരു നിയമത്തെക്കുറിച്ച് ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ആലോചിച്ചപ്പോൾ അതിനെ തുരങ്കം വയ്ക്കാൻവേണ്ടി ശ്രമിച്ചത് ആരാണ് എന്നുള്ളതിനെകുറിച്ചൊന്ന് ആലോചിക്കണമെന്നുമാത്രമേ എനിക്ക് ഓർമ്മിപ്പിക്കാനുള്ളൂ.

ശ്രീ. എ. കെ. ബാലൻ: സർ, 2006 ജൂൺ മാസം 30-ാം തീയതി നടപാതിരായ്ക്കാണ് സ്വാശ്രയവിദ്യാഭ്യാസ നിയമം പാസ്സായത്. ഭരണ-പ്രതിപക്ഷഭേദമന്യേ നൂറുശതമാനവും അംഗീകരിച്ചുകൊണ്ട് ഈ സഭ പാസ്സാക്കിയ നിയമത്തിനെതിരായിട്ടാണ് ഇപ്പോൾ ബഹുമാനപ്പെട്ട തിരുവഞ്ചൂർ പറയുന്നതെന്ന് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് എന്നെക്കുറിച്ച് പറഞ്ഞതുകൊണ്ട് പറയാം. ഇവിടെ ഞങ്ങൾ അതിനകത്തെ യോജിക്കാവുന്ന ഭാഗത്തെല്ലാം യോജിച്ചു. എതിർക്കേണ്ട ഭാഗത്തെല്ലാം ക്ലാസ് ബൈ ക്ലാസ്സിൽ

ഞങ്ങൾ എതിർത്തു. പക്ഷേ ഞങ്ങൾ കാരണം ഇങ്ങനെയൊരു നിയമം പാസ്സാക്കാൻ നിവൃത്തിയില്ലാതെ വന്നുവെന്ന് ഞങ്ങളുടെ തലയിൽ ആക്ഷേപം വയ്ക്കുന്നതിനുവേണ്ടി നിങ്ങൾ ശ്രമിക്കുന്നതുപോലെ തോന്നിയതുകൊണ്ടാണ് ഞാൻ ചോദിക്കുന്നത് ഞങ്ങൾ എന്തു ചെയ്തുവെന്ന് ? നിങ്ങൾ പാസ്സാക്കിക്കോ, നിങ്ങൾ അനുഭവിച്ചോ എന്നൊരു നിലപാടാണ് ഞങ്ങളെടുത്തത്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചത്, പിന്നോക്ക-മുന്നോക്ക സമുദായത്തിലെ പാവപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുകയെന്നതാണ്. ഇവിടെ വിദ്യാഭ്യാസരംഗത്ത് മാത്രമല്ല ഉദ്യോഗരംഗത്തുപോലും മുന്നോക്ക സമുദായത്തിലെ ദാരിദ്ര്യം അനുഭവിക്കുന്നതും പ്രയാസപ്പെടുന്നതുമായ പാവപ്പെട്ടവർക്ക് ആനുകൂല്യം ലഭ്യമാകുംവിധം നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്ന ഘട്ടത്തിൽ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റാണ് അതിന് മുൻകയ്യെടുത്തത് എന്ന കാര്യം ശ്രദ്ധിക്കണം. അതോടൊപ്പംതന്നെ വളരെ അപകടകരമായ ഒരു കാര്യം ഉണ്ട്. വൈദ്യനാഥ് എന്നുപറയുന്ന പ്രഗത്ഭനായ അഭിഭാഷകനെ ഉപയോഗപ്പെടുത്തി പിന്നോക്കക്കാരന്റെ ആനുകൂല്യങ്ങൾക്ക് അർഹതയുള്ള ന്യൂനപക്ഷങ്ങൾ കേരളത്തിൽ ഇല്ലായെന്ന് ഹൈക്കോടതിയിൽ കേരള വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. എം. എ. ബേബി നൽകിയ ഒരു അഫിഡവിറ്റ് നിലവിലുണ്ടെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, മുന്നോക്ക സമുദായത്തിലെ പാവപ്പെട്ടവർക്ക് സംവരണം കൊടുക്കുന്നതിനെപ്പറ്റി പ്രസ്തുത നിയമത്തിൽ പറഞ്ഞിരിക്കുന്നത് അങ്ങ് വായിച്ചിട്ടുണ്ടാകുമല്ലോ, ആ വകുപ്പിൽ എന്താണ് പറഞ്ഞിരിക്കുന്നത് ? ഇത് നടപ്പിലാക്കുന്നത് എങ്ങനെയാണ് ? കൺസെൻസസ്സിൽക്കൂടി നടപ്പിലാക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. കൺസെൻസസ്സിൽക്കൂടി നടപ്പിലാക്കുമെന്ന് ഒരു നിയമത്തിൽ പറഞ്ഞാൽ അതിനെന്ത് നിലനിൽപ്പാണ് ഉള്ളത് ?. കൺസെൻസസ്സ് എങ്ങനെയുണ്ടാകും ? നിയമം കോടതിയിലാണ്. അവിടെയെങ്ങനെയാണ് കക്ഷികൾ തമ്മിൽ കൺസെൻസസ്സ് ഉണ്ടാകുന്നത് ? ഇത് മുന്നോക്കസമുദായക്കാരെ പറ്റിക്കാൻവേണ്ടിയുള്ള ഒരു തട്ടിപ്പുവിദ്യ മാത്രമായിരുന്നില്ലേ ?

ശ്രീ. വി. ശശികുമാർ : സർ, ഇതിനൊക്കെ പരിഹാരമായി കേന്ദ്രഗവൺമെന്റിൽ ഒരു നിയമം കൊണ്ടുവന്നുകൂടേ ? .....

മി. ചെയർമാൻ : ശ്രീ. വി. ശശികുമാർ 10 മിനിട്ട് അധികമെടുത്തു.

ശ്രീ. വി. ശശികുമാർ : സർ, ഇന്ത്യയിലെ സ്വാശ്രയ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ പാകത്തിൽ ശക്തമായ ഒരു കേന്ദ്രനിയമം കൊണ്ടുവരാൻ എല്ലാ അർഹതയുമുള്ള നിങ്ങൾ .....

മി. ചെയർമാൻ : ഇങ്ങനെയാണെങ്കിൽ അടുത്ത പ്രമേയം അവതരിപ്പിക്കാൻ കഴിയില്ല.

ശ്രീ. വി. ശശികുമാർ : സർ, ...കയ്യും കെട്ടി നോക്കിനിന്നിട്ട് ഇവിടെ ഈ വേദോപദേശം പ്രസംഗിക്കുന്നത് ആരെയാണ് ബോദ്ധ്യപ്പെടുത്താൻ കഴിയുക ? കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉയർന്നുവന്ന അതിശക്തമായ സമരത്തിന്റെ ഒരന്തരീക്ഷത്തിൽ ആ വിദ്യാഭ്യാസ നിയമത്തെ അനുകൂലിച്ചില്ലെങ്കിൽ ഒറ്റപ്പെടുമെന്ന തോന്നലുകൊണ്ടാണ് അന്ന് നിങ്ങൾ ഒപ്പം നിന്നത്. പുറത്തുനിന്ന് എതിർക്കുകയും ചെയ്തത്. ഞാൻ എന്റെ പ്രസംഗം ദീർഘിപ്പിക്കുന്നില്ല. കേരളത്തിലെ എലിജിബിളായ മുഴുവൻ കുട്ടികൾക്കും ഉപരിപഠനത്തിനുള്ള സൗകര്യമൊരുക്കിയ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെ ഞാൻ ഈ നാട്ടിലെ എല്ലാ വിദ്യാർത്ഥികൾക്കും അതു പോലെ രക്ഷിതാക്കൾക്കുംവേണ്ടി അഭിനന്ദിക്കുകയാണ്. ഇന്നത്തെ സാഹചര്യത്തിൽ ഇതാണ് ഏറ്റവും കരണീയം. എന്നാൽ കേരളത്തിലെ മറ്റ് എവിടെയെങ്കിലും പ്ലസ് ടു മേഖലയിൽ അനോമലി ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് പരിശോധന നടത്തണം. ഇപ്പോൾ പ്ലസ് ടു ലഭ്യമായിട്ടുള്ള സ്ഥാപനങ്ങൾക്ക് എല്ലാ പശ്ചാത്തല സൗകര്യങ്ങളും ഉറപ്പുവരുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം. ക്ലാസ്സുകൾ ഉടനടി ആരംഭിക്കാൻ നടപടി സ്വീകരിക്കണം. ഇപ്പോൾ പ്ലസ് ടു അനുവദിച്ച സ്ക്കൂളുകളിലെ ചില മാനേജുമെന്റുകൾ വിദ്യാർത്ഥി പ്രവേശനത്തിനും അദ്ധ്യാപക പ്രവേശനത്തിനും വേണ്ടി വലിയതോതിൽ കോഴ വാങ്ങാനിടയുണ്ട്. അത്തരം അഴിമതി നടക്കാതിരിക്കാൻ ശക്തമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നുകൂടി കൂട്ടിച്ചേർത്തുകൊണ്ട് ഞാൻ എന്റെ പ്രസംഗം ചുരുക്കുന്നു.

<u>ശ്രീ. എം. കെ. പ്രേംനാഥ്</u>: സർ, ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി അവതരിപ്പിച്ച ഈ പ്രമേയത്തെ ഞാൻ സ്വാഗതം ചെയ്യുകയാണ്. നേരത്തെ ബഹുമാനപ്പെട്ട ആളുകൾ ഇവിടെ സൂചിപ്പിച്ചതുപോലെ മലബാറിന്റെ അവഗണന എല്ലാ രംഗത്തുമുണ്ടായിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തും മറ്റു വികസനരംഗത്തുമൊക്കെയുണ്ടായിട്ടുണ്ട്. ഇത് ആരുടെയും കുറ്റമല്ല. ചില പ്രത്യേക സാഹചര്യത്തിലാണ് മലബാർ രൂപീകരിച്ചത്. ഇത് നേരത്തെ ഇവിടെ സൂചിപ്പിച്ചു. മലബാർ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു. അതുമാത്രമല്ല ബ്രിട്ടീഷുകാർക്കെതിരായ സ്വതന്ത്ര്യ സമരത്തിൽ നിരവധി ദേശസ്നേഹികളായിട്ടുള്ള ആളുകൾ പങ്കെടുത്തിട്ടുള്ളത് മലബാറിലാണ്. സ്വതന്ത്ര്യമായിരുന്നു മലബാറിന്റെ ഏറ്റവും അടിസ്ഥാനപരമായ ആവശ്യം. അതിനുവേണ്ടിയുള്ള പോരാട്ടമായിരുന്നു മലബാറിൽ ഉണ്ടായിട്ടുള്ളതെന്ന് നമുക്ക് കാണാൻ കഴിയും. ഒട്ടനവധി മഹാരഥൻമാരായിട്ടുള്ള സ്വാതന്ത്ര്യ സമരസേനാനികൾ മലബാറിൽ ഉണ്ടായിരുന്നു. അതിനുശേഷമുണ്ടായിട്ടുള്ള മാറ്റത്തിൽ മലബാറിന് ആവശ്യമായിട്ടുള്ള വികസനത്തിനുവേണ്ടിയുള്ള കാര്യങ്ങൾ ചെയ്യുക എന്നുള്ളതാണ് നമ്മുടെ ഉത്തരവാദിത്വം. വിദ്യഭ്യാസ രംഗത്ത് യഥാർത്ഥത്തിൽ പ്ലസ്ടുവിന് മാത്രമല്ല, വിദ്യാഭ്യാസ രംഗത്ത് വളരെ കൂടുതൽ ആവശ്യങ്ങൾ എല്ലാ രംഗത്തും എല്ലാകാലത്തും മലബാർ പ്രദേശത്തിലെ ആളുകൾ രാഷ്ട്രീയ ഭേദമെന്യേ ആവശ്യപ്പെടുന്നു എന്നതാണ് നമുക്ക് കാണാൻ കഴിയുന്നത്. വിശേഷിച്ച് പിന്നോക്ക ജനവിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ഒരു കാലഘട്ടത്തിൽ ആവശ്യമായിട്ടുള്ള വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള സൗകര്യങ്ങൾ ഇല്ലായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ക്രിസ്ത്യൻമിഷനറിമാർ യഥാർത്ഥത്തിൽ ബാസൽ മിഷൻ അടക്കമുള്ള ക്രിസ്ത്യൻ മിഷനറിമാർ കേരളത്തിലും മലബാറിലും വിദ്യാഭ്യാസ രംഗത്ത് വലിയ സംഭാവനകളാണ് നല്കിയിട്ടുള്ളത്. അതിന്റെ ഫലമായിട്ട് ഒട്ടനവധി സ്കൂളുകളും കോളേജുകളും മലബാർ മേഖലയിലും മറ്റു മേഖലയിലുമൊക്കെ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് കൂടുതൽ കോളേജുകൾ കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്ലസ്ടു രംഗത്ത് സെക്കണ്ടറി സ്കൂളുകൾ ഇതൊക്കെ ഇനിയും ആവശ്യമാണ്. വിശേഷിച്ചും വയനാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് എന്നീ ജില്ലകളിലൊക്കെ ഇനിയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആവശ്യമാണെന്ന് നമുക്കറിയാം. മടപ്പള്ളി ഗവൺമെന്റ് കോളേജ് ഇ.എം.എസ്. മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിലാണ് സ്ഥാപിതമായത്. അത് വലിയ കാര്യമാണ്. ഞാൻ നിയമസഭാ അംഗമായതിനുമുൻപും അതിനുശേഷവും ആ കോളേജിൽ എം.എ. ഇംഗ്ലീഷും മാത്തമെറ്റിക്സ് പോസ്റ്റ് ഗ്രാഡുവേഷനും ആരംഭിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നിവേദനങ്ങൾ നൽകിയിട്ടുണ്ട്. യാതൊരുവിധ സാമ്പത്തിക ബാധ്യതയുമില്ലാത്ത കോഴ്സാണ് എം.എ. ആ നാട്ടിലെ എല്ലാ ആളുകളും രാഷ്ട്രീയ ഭേദമെന്യേ ഒറ്റക്കെട്ടായി നിന്നുവെങ്കിലും അദ്ദേഹം അതിന് ആവശ്യമായിട്ടുള്ള സൗകര്യം ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. മടപ്പള്ളി കോളേജിൽ പ്രീ-ഡിഗ്രി ഉണ്ടായിരുന്നു. ആ പ്രീ-ഡിഗ്രി ഇല്ലാതാക്കി. പ്രീ-ഡിഗ്രിക്ക് നൂറുകണക്കിന് വിദ്യാർത്ഥികൾ പഠിച്ചിരുന്നു. ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള പ്ലസ്ടു പ്രൈവറ്റ് മാനേജ്മെന്റിന്റെ കീഴിൽ അതായത് എയ്ഡഡ് മാനേജ്മെന്റിന്റെ കീഴിലെ ഒരു സ്കൂളിലുമില്ല. അവിടെ മുസ്ലീം മാനേജ്മെന്റ് സ്കൂളുകളുണ്ട്, ബി.എം.എസ്. സ്കൂളുണ്ട്, അതുപോലെതന്നെ സെന്റ് ആന്റണീസ് സ്കൂളുണ്ട്, എസ്.എൻ.ഡി.പി.-യുടെ സ്കൂളുണ്ട്. അതൊക്കെ ആവശ്യപ്പെട്ടിരുന്നു. പക്ഷേ, അതിനുവേണ്ടിയുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. ആ രീതിയിലാണ് ഇവിടെ കാണുന്നത്. മലബാറിന്റെ പ്രത്യേക പരിതഃസ്ഥിതി മനസ്സിലാക്കിക്കൊണ്ട് വിദ്യാഭ്യാസ രംഗത്ത് വിദ്യാർത്ഥികളുടെ ആവശ്യമനുസരിച്ച് കൂടുതൽ സ്കൂളുകൾ അനുവദിക്കുന്നതിന് നടപടിയുണ്ടാകണം. ടെക്നിക്കൽ വിദ്യാഭ്യാസം വളരെ പ്രധാനപ്പെട്ടതാണ്. ടെക്നിക്കൽ വിദ്യാഭ്യാസത്തിന്റെ പ്രശ്നം നമുക്കറിയാം. ഈ സംസ്ഥാനത്ത് അതിനുവേണ്ടി ഒട്ടേറെ നടപടികളെടുക്കുന്നുണ്ട്. മലബാർ മേഖലയിൽ ടെക്നിക്കൽ വിദ്യാഭ്യാസത്തിന് ആവശ്യമായ സൗകര്യങ്ങൾ ഇല്ല എന്ന കാര്യം കൂടി ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ടെക്നിക്കൽ സ്കൂളുകൾ അവിടെ കൊണ്ടുവരുന്നതിനുവേണ്ടിയുള്ള നടപടി എടുക്കേണ്ടതുണ്ട്. ആ രീതിയിൽ നമ്മുടെ വിദ്യാഭ്യാസം നമ്മുടെ സമൂഹത്തിന്റെ പുരോഗതിക്ക് ഏറ്റവും പ്രധാനപ്പെട്ടതാണ്. മലബാറിൽ, കോഴിക്കോട് മെഡിക്കൽ കോളേജിന്റെ വികസനത്തിനുവേണ്ടി നിരന്തരമായി അവിടത്തെ എം.എൽ.എ.-മാരും അതുപോലെയുള്ള ആളുകളും പ്രവർത്തിക്കുകയാണ്. കുറേക്കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അവിടെ ആയിരക്കണക്കിന് ആളുകൾ വരുന്നതാണ്. അവിടെ വരുന്ന ആളുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഇല്ല. സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് യഥാർത്ഥത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

മലബാറിലെ വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ആ രംഗത്ത് തന്നെ റോഡ് വികസനം ഉൾപ്പെടെ മറ്റു അടിസ്ഥാനവികസന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനു വേണ്ടിയുള്ള നടപടിയുണ്ടാകണമെന്നാവശ്യപ്പെടുന്നു. കേരളത്തിലും പൊതുവേ മലബാർ മേഖലയിലും വിദ്യാഭ്യാസ രംഗത്തുള്ള വികസനത്തിനു വേണ്ടിയുള്ള ഒരാവശ്യം എന്ന നിലയിലാണ് ബഹുമാനപ്പെട്ട കെ. കുട്ടി അഹമ്മദ് കുട്ടി ഇവിടെ പ്രമേയം അവതരിപ്പിച്ചിട്ടുള്ളത്. മലബാറിലെ ഒട്ടനവധി കാര്യങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം പലപ്പോഴായി ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യം കൂടി ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പള്ളിപ്രം ബാലൻ: സർ, മലബാറിലെ വികസന പ്രവർത്തനത്തിന് മുന്തിയ പരിഗണന നൽകിയപോലെതന്നെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഇത്തവണ അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ മേഖലയിൽ പ്ലസ്ടു അനുവദിക്കുന്ന കാര്യത്തിലും മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. നേരത്തെ ഇവിടെ സൂചിപ്പിച്ചപോലെ രണ്ടുതവണകളായി പ്ലസ്ടു അനുവദിച്ചപ്പോൾ മലബാർ മേഖലയിൽ വിശേഷിച്ച് കാസർകോഡ് ജില്ലകളുൾപ്പെടെ പിന്നോക്കം നിൽക്കുന്ന ജില്ലകൾക്ക് അർഹമായ പ്രതിനിധ്യം നൽകിയിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല. അതിന് നടപടിയെടുത്ത ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെയും വിദ്യാഭ്യാസ വകുപ്പിനെയും ഞാൻ അനുമോദിക്കുകയാണ്. പ്രശംസിക്കുകയാണ്. എന്നാൽ അതുകൊണ്ട് മാത്രം ആയി എന്നു ഞാൻ പറയുന്നില്ല. പിന്നോക്കാവസ്ഥ നിലനിൽക്കുന്ന ജില്ലയാണ് ഞാൻ പ്രതിനിധാനം ചെയ്യുന്ന ജില്ല. കാസർകോഡ് ജില്ല ഇപ്പോഴും വിദ്യാഭ്യാസ മേഖലയിൽ വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല. അടിസ്ഥാന സൗകര്യത്തിന്റെ കാര്യത്തിൽ മാത്രമല്ല അതിനാവശ്യമായ പ്രവർത്തനങ്ങൾ ഇനിയും ഏറെയുണ്ട്. ചില സ്കൂളുകൾ അപഗ്രേഡ് ചെയ്ത് ഹൈസ്കൂളായി ഉയർത്തണമെന്നും അതുപോലെതന്നെ എൽപി. സ്കൂളുകൾ യു.പി. സ്കൂളുകളായി ഉയർത്തണമെന്നും ഞാൻ തന്നെ ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കും നിവേദനം നൽകിയിട്ടുണ്ട്. ഗവൺമെന്റ് അതിന് പരിഗണന നൽകി ഗൗരവമായിട്ടെടുക്കണം. മലബാറിന്റെ പിന്നോക്കാവസ്ഥക്ക് കാസർകോഡ് ജില്ലയുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് നടപടികൾ ആവശ്യമാണെന്ന് എനിക്ക് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. അതുകൊണ്ട് ഒന്നും ചെയ്തില്ല എന്നല്ല ഞാൻ പറഞ്ഞത്. കഴിഞ്ഞ തവണ പ്ലസ്ടു അനുവദിക്കുമ്പോൾ വിട്ടുപോയ ഒരു വിദ്യാലയമാണ് നീലേശ്വരം രാജാസ് ഹൈസ്കൂൾ. അതിന് ഇത്തവണ പ്ലസ്ടു അനുവദിച്ചിട്ടുണ്ട്. അങ്ങനെ എന്റെ മണ്ഡലത്തിൽത്തന്നെ നാല് ഹൈസ്കൂളുകളിൽ പ്ലസ്ടു അനുവദിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ നടപടിയെ ഞാൻ അനുമോദിക്കുകയാണ്. എന്നാൽ മലബാറിന്റെ പിന്നോക്കാവസ്ഥ ഇന്നും ഇന്നലെയും തുടങ്ങിയതല്ല. പൊതുവേ പറയുകയാണെങ്കിൽ നേരത്തെ ഇവിടെ സൂചിപ്പിച്ചപോലെ 1957-ലാണ്, പുതിയ മാറ്റം ദൃശ്യമായത്. അന്ന് കമ്യൂണിസ്റ്റ് പാർട്ടിയുടെ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് മലബാറിന്റെ

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ മേഖലയിൽ ഒരു പുതിയ ചൈതന്യത്തിന് തുടക്കം കുറിച്ചത്. മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് ചെയ്ത ശ്ലാഘനീയമായ പ്രവർത്തനങ്ങളെ ഞാൻ വിസ്മരിക്കുന്നില്ല. മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാർ വിദ്യാഭ്യാസകാര്യത്തിലും വികസന പ്രവർത്തനങ്ങളിലുമെല്ലാം ഏറെ അവഗണിക്കപ്പെട്ട ഒരു പ്രദേശമാണ്. അതിനെയാണ് മെല്ലെ മെല്ലെ വിദ്യാഭ്യാസ രംഗത്തും വികസന പ്രവർത്തനങ്ങളിലും മുന്നോട്ടുകൊണ്ടു വരുന്നതിനുവേണ്ടിയും ഉയർത്തിക്കൊണ്ടുവരുന്നതിനു വേണ്ടിയും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. തീർച്ചയായും ആ പ്രവർത്തനങ്ങളെയെല്ലാം ഞാൻ വളരെ ഹൃദയം തുറന്ന് അനുമോദിക്കുകയാണ്. അതോടൊപ്പം ഞാൻ നേരത്തെ സൂചിപ്പിച്ചപോലെ കാസർകോഡ് ജില്ലയിൽ വിദ്യാഭ്യാസ മേഖലയിൽ ഒട്ടേറെ പ്രവർത്തനങ്ങൾ ആവശ്യമാണ്. കഴിഞ്ഞ തവണയും വിദ്യാഭ്യാസ മന്ത്രി കാസർകോഡ് വന്നപ്പോൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ കാസർകോഡ് ജില്ലയുടെ പിന്നോക്കാവസ്ഥ ഞാൻ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ചില ജില്ലകളിൽ ഒരു താലൂക്കിൽത്തന്നെ അഞ്ചും ആറും കോളേജുകൾ ഉള്ളപ്പോൾ കാസർകോഡ് ജില്ലയിൽ ആകെ അഞ്ചുകോളേജുകളേയുള്ളു. അതുകൊണ്ട് ഉന്നത വിദ്യാഭ്യാസ മേഖലയിൽ കോളേജ് വിദ്യാഭ്യാസത്തിന് പോകുന്ന കുട്ടികൾക്ക് ആവശ്യാനുസരണം സീറ്റ് കിട്ടുന്നത് പ്രയാസമാണ്. ഉള്ള കോളേജുകളിൽത്തന്നെ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യത്തിലും വേണ്ട രീതിയിൽ ശ്രദ്ധ ചെലുത്തിയില്ല എന്ന അഭിപ്രായമെനിക്കുണ്ട്. അതുകൊണ്ട് ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉൾപ്പെടെ കാസർകോഡ് ജില്ലയുടെ പിന്നോക്കാവസ്ഥ പരിഹരിക്കാനാവശ്യമായ രീതിയിൽ ഇനിയും ആവശ്യമായ നടപടികൾ ഉണ്ടാവണം. അത് ഈ ഗവൺമെന്റിൽ നിന്നുണ്ടാകുമെന്നാണ് എന്റെ പ്രതീക്ഷ. അതോടൊപ്പം ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ മലയോരമേഖലയിൽ ഒരുപാട് അസൗകര്യങ്ങളുണ്ട്, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഏറെയുണ്ട്. അതോടൊപ്പം യാത്ര സൗകര്യത്തിന്റെ അപര്യാപ്തതയുമുണ്ട്. ഇതൊക്കെ പരിഹരിച്ച് മലയോര മേഖലയിലുള്ള വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസം നേടാൻ സഹായകരമായ രീതിയിൽ കൂടുതൽ സീറ്റുകൾ അനുവദിക്കാനും വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കാനും ഗവൺമെന്റിന്റെ ശ്ലാഘനീയമായ പ്രവർത്തനത്തിന് അഭിനന്ദനവുംനന്ദിയും രേഖപ്പെടുത്തിക്കൊണ്ട് കാസർകോഡ് ജില്ലയുടെ വിദ്യാഭ്യാസ രംഗത്തെ പോരായ്മകൾ നികത്താൻ ആവശ്യമായ നടപടിയുണ്ടാകണമെന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

[അദ്ധ്യക്ഷ വേദിയിൽ മി.ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. മലബാറിലെ പിന്നോക്കാവസ്ഥ പ്രത്യേകിച്ച് ഹയർ സെക്കന്ററി രംഗത്തെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ 178 സ്കൂളുകൾ അനുവദിച്ച ഗവൺമെന്റിന്റെ നടപടിയെ ഞാൻ അഭിനന്ദിക്കുകയാണ്. പക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

ആശങ്കയുണ്ട്. ഇതിനുള്ള ഇൻഫ്രാസ്ട്രക്ചർ ഒരുക്കുക, അതുപോലെതന്നെ പഠിപ്പിക്കാൻ അധ്യാപകരെ ചുമതലപ്പെടുത്തുക, അങ്ങനെയുള്ള വലിയ വെല്ലുവിളികൾ ഗവൺമെന്റിന്റെ മുന്നിലുണ്ട്. അത് പരിഹരിക്കാൻ യുദ്ധകാല അടിസ്ഥാനത്തിൽ ഒരു ഇടപെടൽ ആവശ്യമാണ്. മലബാറിൽ മാത്രമല്ല, കേരളത്തിലെ ഹയർസെക്കന്ററി രംഗത്തേക്കും ഉന്നത വിദ്യാഭ്യാസ രംഗത്തേക്കും ആവശ്യമായ സഹായങ്ങൾ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടാൽ നമുക്ക് ലഭിക്കും. ഉദാഹരണത്തിന് കേന്ദ്രീയ വിദ്യാലയങ്ങളിൽ ഒന്നാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുണ്ട്. സംസ്ഥാനത്ത് കേന്ദ്രീയ വിദ്യാലയങ്ങളുടെ എണ്ണം കുറവാണ്. ഈ വിഷയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അവർ പറയുന്നത് 5 ഏക്കർ സ്ഥലം തരികയാണെങ്കിൽ ഞങ്ങൾ സ്കൂൾ തരാമെന്നാണ്. സത്യത്തിൽ നമുക്കത് ആലോചിക്കാവുന്നതാണ്. ഇപ്പോൾ കണ്ണൂർ ജില്ലയിൽ ഒരു കേന്ദ്രീയ വിദ്യാലയം സാങ്ഷനായിട്ട് രണ്ട് വർഷമായിട്ടും 5 ഏക്കർ സ്ഥലം ഇരുട്ടി മേഖലയിൽ കൊടുക്കാത്തതുകൊണ്ട് ഇപ്പോഴും നമുക്കത് നടപ്പിലാക്കാൻ സാധിച്ചില്ല. അക്കാര്യം പലതവണ ശ്രീമതി ശൈലജ ടീച്ചറിന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. കണ്ണൂരിൽ നിലവിലുള്ള കേന്ദ്രീയ വിദ്യാലയത്തിൽ ഒരു കൊമേഴ്സ് സ്ട്രീം, പ്ലസ് ടു വേണമെന്ന് ആവശ്യപ്പെട്ടപ്പോൾ അവർ പറഞ്ഞത് എം.പി. ഫണ്ടിൽ നിന്നും ക്ലാസ് മുറിയുണ്ടാക്കിത്തരുമെങ്കിൽ നൽകാമെന്നാണ്. ഉടനെ ഞങ്ങൾ ക്ലാസ് മുറി ഉണ്ടാക്കിക്കൊടുത്തു, അങ്ങനെ അവർ കൊമേഴ്സ് സ്ട്രീം നൽകി. 60 കുട്ടികൾക്ക് ആ വർഷം തന്നെ പഠിക്കാൻ സാധിച്ചു. ഇപ്പോൾ വീണ്ടും ഒരു ക്ലാസ് മുറി രക്ഷിതാക്കൾ ഉണ്ടാക്കിക്കൊടുത്തു. അവിടെ വീണ്ടും ഒരു സ്ട്രീം അനുവദിക്കാൻ പോകുകയാണ്. എനിക്ക് തോന്നുന്നത് മലബാറിൽ തന്നെ 7 കേന്ദ്രീയ വിദ്യാലയങ്ങളുണ്ട്. ഈ 7 കേന്ദ്രീയ വിദ്യാലയങ്ങളിലും അതിനുള്ള സൗകര്യം, ഇൻഫ്രാസ്ട്രക്ച്ചർ ഉണ്ടാക്കിക്കൊടുക്കാം പ്ലസ് ടു അനുവദിക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടാൽ നമ്മുക്ക് ലഭിക്കും. പക്ഷേ സ്ഥലം കൊടുത്താൽ മാത്രമേ കൂടുതൽ കേന്ദ്രീയ വിദ്യാലയങ്ങൾ തുടങ്ങാൻ കഴിയുകയുള്ളൂ. ഇപ്പോൾ കണ്ണൂരിലെ പെരിങ്ങോത്തും നേവൽ അക്കാദമിയുടെ സ്ഥലത്തും സ്ഥലം കൊടുത്തിട്ടുണ്ട്. ഇപ്പോൾ 2 പുതിയ കേന്ദ്രീയ വിദ്യാലയങ്ങൾ അവിടെ വരാൻ പോകുകയാണ്. യഥാർത്ഥത്തിൽ സംസ്ഥാന ഗവൺമെന്റ് കേരളത്തിൽ കേന്ദ്രീയ വിദ്യാലയങ്ങൾ ആരംഭിക്കാൻവേണ്ടിയുള്ള സ്ഥലമുണ്ടാക്കിക്കൊടുക്കാൻ, അല്ലെങ്കിൽ പുതിയ പ്ലസ് ടു കോഴ്സുകൾ ആരംഭിക്കാനുള്ള ഒരു ശ്രമം കൂടി നടത്തണമെന്നും ഈ പ്രമേയത്തിന്റെ ഭാഗമായി പറയാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ഒരു വിഷയം ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ് മലബാറിൽ ഒരു വിദ്യാഭ്യാസ മാഫിയ ഇപ്പോൾ വളർന്ന് വന്നുകൊണ്ടിരിക്കുകയാണ്. പല മാഫിയകളെക്കുറിച്ചും ഇപ്പോൾ നമ്മൾ ചർച്ച ചെയ്യാറുണ്ട്. അതായത് മലബാർ എഡ്യൂക്കേഷൻ ട്രസ്റ്റ് എന്ന് പറഞ്ഞ് പണ്ടൊരു പാരലൽ കോളേജ് നടത്തി പൊളിഞ്ഞ ഒരാൾ കണ്ണൂർ ജില്ലയിൽ മാത്രമല്ല മലബാറിലെ സ്കൂളുകളൊക്കെ വിലയ്ക്കെടുത്തു കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഒരു ഡസനോളം സ്കൂളുകൾ അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

വിലയ്ക്കെടുത്തു. ചില ആളുകളുടെ ബിനാമിയാണെന്നൊക്കെ ചിലർ പറയുന്നുണ്ട്. ഇത് സംബന്ധിച്ച് വിദ്യാഭ്യസ വകുപ്പ് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ അദ്ദേഹത്തിന് 2 സ്ക്കൂളുകളിൽ പ്ലസ്ടു കോഴ്സ് ആരംഭിക്കുന്നതിന് അനുവാദം കിട്ടിയിട്ടുണ്ട്. ഒന്ന് കണ്ണൂർ ചെമ്പിലോടിലും മറ്റൊന്ന് പാലക്കാട് ജില്ലയിലുമാണ്. അദ്ദേഹത്തിന്റെ ഒരു സ്കൂളിന്റെ സ്ഥിതി ഞാൻ പറയാം. വാരം യു.പി. സ്കൂൾ അദ്ദേഹം വിലയ്ക്കെടുത്തു. എവിടെ സ്കൂൾ വിറ്റാലും അദ്ദേഹം പോയി വിലക്ക് വാങ്ങും. ശിവപുരം സ്കൂൾ, പൂമംഗലം, ചെമ്പിലോട്, കോലിയോട്.... ഇങ്ങനെ സ്കൂളുകൾ വിലയ്ക്കെടുക്കുന്ന ഒരു റാക്കറ്റ് തന്നെയുണ്ട്. അത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിന് പല പരാതികളും കൊടുത്തു. പക്ഷേ അയാൾക്കെതിരെ അന്വേഷണം നടന്നില്ല. അദ്ദേഹം നടത്തുന്ന വാരം യു.പി. സ്കൂളിൽ 2007-ൽ ആറ് അധ്യാപകരെ നിയമിച്ചു. അവരുടെ പേര് വിവരമൊക്കെയുണ്ട്, റാബി, സുധാദേവി, നിഷ, സംഗീത, ലിസി, എന്നൊക്കെ പറഞ്ഞ് ടീച്ചർമാരെ ചേർത്തു. അതിൽ ലക്ഷങ്ങൾ കൈക്കൂലി വാങ്ങിയിട്ടാണ് നിയമനം നടത്തിയത്. പക്ഷേ, അതിനൊന്നിനും തെളിവുകളില്ല. അവർ നാല് വർഷം അറ്റൻഡൻസ് രജിസ്റ്ററിൽ ഒപ്പിട്ടു എന്നല്ലാതെ അവരെയാരെയും ഇതുവരെ സ്ഥിരമായി നിയമിച്ചിട്ടില്ല, ഇപ്പോൾ പുതിയ രണ്ട് ആളുകളെ നിയമിച്ചിരിക്കുന്നു. ആ വിഷയം കോടതിയിലാണ്. ഇങ്ങനെ ഞെട്ടിപ്പിക്കുന്ന മലബാർ ട്രസ്റ്റ്-വൽസൻ മഠത്തിൽ-എന്ന് പറയുന്ന ഒരു പുതിയ വിദ്യാഭ്യാസകച്ചവടത്തെക്കുറിച്ചാണ് നമ്മൾ ഇവിടെ ചർച്ചചെയ്യുന്നത്. എയ്ഡഡ് സ്കൂളുകളാണ് വിലയ്ക്കെടുക്കുന്നത്. പല മാനേജുമെന്റുകളും ഒരു സാമൂഹിക അവബോധത്തിന്റെ അടിസ്ഥാനത്തിൽ പണ്ട് തുടങ്ങിയതാണ്. ഞങ്ങളുടെ ഗ്രാമത്തിലെ സ്കൂളെന്നുവച്ചാൽ സാമ്പത്തികമായി മുന്നിൽ നിൽക്കുന്ന ആളുകൾക്കുള്ളതാണ്. അപ്പോൾ അത്തരം സ്ഥാപനങ്ങളെ ഇങ്ങനെ ചില പുതിയ ആളുകൾ വിലയ്ക്കെടുക്കുകയാണ്. വാരം യു.പി. സ്കൂളിലെ 6 അധ്യാപകർ അവിടെ നാല് വർഷം പഠിപ്പിച്ചിട്ട് അവർക്ക് സ്ഥിരനിയമനം കൊടുക്കാതെ ഇപ്പോൾ പുതിയ രണ്ട് ആളുകൾക്ക് നിയമനംകൊടുത്ത ഈ മലബാർ ട്രസ്റ്റിനെതിരെ പരാതികൾ ഉണ്ടായിട്ടും, കോടതിയിൽ കേസുണ്ടായിട്ടും അവർക്കെതിരെ ഒരു നടപടിയും എടുത്തില്ലെന്ന് മാത്രമല്ല അവർക്ക് ഇപ്പോൾ അംഗീകാരം കൊടുത്തിരിക്കുകയാണ്. നമുക്ക് കണ്ണൂർ ജില്ലയിൽ പ്ലസ് ടു സ്കൂളുകൾ വേണം. പക്ഷേ ഇതുസംബന്ധിച്ച ഒരു പരാതി പോലും ഗവൺമെന്റ് അന്വേഷിച്ചിട്ടില്ല എന്നുള്ള ഒരു വിമർശനം ഈ സന്ദർഭത്തിൽ ഇവിടെ പറയുവാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗത്ത് മലബാറിൽ മാത്രമല്ല പൊതുവേ കേരളത്തിൽ പുറകോട്ടടി സംബന്ധിച്ച് നമ്മൾ ചർച്ച ചെയ്യുമ്പോൾ അതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രശ്നമുണ്ട്. 1956-ൽ അങ്കമാലിയിൽ ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ ഓഫ്താൽമോളജി പി.ജി. കോഴ്സ് അനുവദിക്കാൻ അന്ന് കേരള ഗവൺമെന്റ് തീരുമാനിച്ചു. 15 പോളിടെക്നിക്കുകളും സ്വകാര്യമേഖലയിൽ അനുവദിക്കാൻ തീരുമാനിച്ചു. പക്ഷേ കേരളം അതിനെതിരെ ശക്തമായി

LIBRARY ARCHIVES Kerala Legislative Assembly

പ്രതികരിച്ചു. നമുക്കത് നടപ്പിലാക്കാൻ സാധിച്ചില്ല. 1986-ൽ നമ്മൾ അത് തുടങ്ങിയിരുന്നുവെങ്കിൽ അന്ന് എ. കെ. ആന്റണിയെപ്പോളുള്ള ആളുകൾ പറഞ്ഞത് രണ്ട് സ്വാശ്രയ കോളേജുകൾ സമം ഒരു ഗവൺമെന്റ് കോളേജ് .....

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. അബ്ദുള്ളക്കുട്ടി നമുക്ക് രണ്ട് മൂന്ന് പ്രമേയങ്ങൾകൂടി ഉണ്ട്.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : .....എന്ന് പറഞ്ഞ് അങ്ങനെ നമ്മൾ നിലപാട് മാറ്റാൻ വൈകിയതുകൊണ്ട് മലബാറുൾപ്പെടെ വിദ്യാഭ്യാസ രംഗത്ത് വലിയ പുറകോട്ടടി ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കാൻ നമുക്ക് ഗവൺമെന്റ് നിക്ഷേപവും സ്വകാര്യ നിക്ഷേപവും വേണമെന്ന് പറഞ്ഞു കൊണ്ട് ഞാൻ ഇതിനെ പിന്തുണയ്ക്കുകയാണ്.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ നാല് പ്രമേയങ്ങളുണ്ട്. സമയപരിമിധി ഉള്ളതു കൊണ്ട് ഞാൻ വളരെ ചുരുക്കത്തിൽ കാര്യങ്ങൾ ചുണ്ടിക്കാണിക്കുകയാണ്. ഇവിടെ ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി അവതരിപ്പിച്ചത് ഹയർ സെക്കന്ററി കോഴ്സുകൾ പൊതു വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കി മാറ്റിയ സഹചര്യത്തിൽ ഹൈസ്കൂൾ പഠനം പൂർത്തിയാക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഹയർ സെക്കന്ററി പഠനത്തിന് അവസരം ലഭ്യമാക്കുന്ന രീതിയിൽ മലബാർ മേഖലക്ക് മുൻഗണന നൽകണമെന്ന പ്രമേയമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ഇന്നത്തെ രേഖയിൽ മുഴുവൻ കുട്ടി, കുട്ടി എന്നേ ഉണ്ടാവുകയുള്ളൂ. എല്ലാവരും കുട്ടി, കുട്ടി എന്നാണ് പറയുന്നത്.

ശ്രീ. എം. വിജയകുമാർ : അതെ. ഡബ്ല്യൂഡബ്ല്യൂഡബ്ല്യൂകുട്ടി.കോം. ..... പൂർണ്ണമായിട്ടും ഈ പ്രമേയത്തിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ട് സർക്കാർ മുന്നോട്ട് പോകുന്നു എന്ന കാര്യം അനിഷേധ്യമാണ്. അത് അദ്ദേഹവും അംഗീകരിക്കും. ശ്രീ. കുട്ടി അഹമ്മദ് കുട്ടി പ്രമേയം മനസ്സിൽ കണ്ടപ്പോൾത്തന്നെ ഞങ്ങൾ മാനത്ത് കണ്ടവരാണ്. അതാണ് ഈ സർക്കാർ. പ്രതിപക്ഷം മനസ്സിൽ കാണുന്ന കാര്യം ഞങ്ങൾ മാനത്ത് കാണും. ഈ പറഞ്ഞത് കുറെ ചരിത്ര യാഥാർത്ഥ്യങ്ങളാണ്. കേരളപ്പിറവിയുടെ കാലത്ത് മലബാർ എന്ന് പറയുന്നത് ഏറ്റവും പിന്നോക്കം നിൽക്കുന്ന ഒരു മേഖലയായിരുന്നു. ആ സമയത്താണ് കേരളം രൂപീകൃതമാകുന്നത്. അങ്ങനെയുള്ള കേരളത്തെ ഒരു കേരളമാക്കാൻ, 1957-ലാണല്ലോ ആദ്യത്തെ കേരള നിയമസഭ വരുന്നത്, ആദ്യത്തെ സർക്കാർ. മലബാറിന് വേണ്ടിയുള്ള, ഈ മലബാറിന്റെ പിന്നോക്കാവസ്ഥയ്ക്കുള്ള പരിഹാരം അന്ന് തുടങ്ങിവച്ചതാണ്. എന്നാൽ 2006-ൽ അധികാരത്തിൽ വന്ന ഗവൺമെന്റാണ് മലബാറിന്റെ പിന്നോക്കാവസ്ഥക്ക് ശാശ്വതമായ പരിഹാരം കാണുന്നതിനുവേണ്ടിയുള്ള അടിസ്ഥാനപരമായ, ശാസ്ത്രീയമായ പദ്ധതികൾക്ക് രൂപം നൽകിയത്..... ഇത് മലബാർ ഗവൺമെന്റ് എന്ന് വേണമെങ്കിൽ പറയാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഇപ്പോൾ ശ്രീ. രാജു ഇവിടെ സൂചിപ്പിച്ചതുപോലെ ഇതിനെ വേണമെങ്കിൽ മലബാർ ഗവൺമെന്റ് എന്ന് വിളിക്കാം. അദ്ദേഹം തമാശക്കാണ് പറഞ്ഞത്. പക്ഷേ ഇവിടെ വിദ്യാഭ്യാസ കാര്യത്തിൽ, ചികിത്സയുടെ കാര്യത്തിൽ, റോഡുകളുടെ കാര്യത്തിൽ തിരുവിതാംകൂർ മേഖയിലെല്ലാം തികഞ്ഞു എന്ന മനോഭാവത്തിലാണ് ഇപ്പോൾ ഗവൺമെന്റ് കാര്യങ്ങൾ ചെയ്യുന്നത്. തിരുവിതാംകൂർ മേഖലയിൽ തന്നെ ഇപ്പോൾ സ്കൂളുകളില്ലാത്ത ധാരാളം പഞ്ചായത്തുകളുണ്ട്. ഗവൺമെന്റ് സ്കൂളുകളുണ്ട്. ഇവിടെയൊക്കെ പുതുതായി പ്ലസ് ടു അനുവദിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷേ അതിൽ ഒന്നുപോലും പരിഗണിക്കാതിരുന്നത് ശരിയല്ല. തിരുവിതാംകൂർ മേഖലയിൽ എല്ലാം തികഞ്ഞുവെന്ന ആ സമീപനം ശരിയല്ല എന്നാണ് എനിക്ക് പറയാനുള്ളത്.

[അദ്ധ്യക്ഷ വേദിയിൽ മി.സ്പീക്കർ]

ശ്രീ. രാജു എബ്രഹാം : ദീർഘനാളുകളായി ഈ നിയമസഭയിൽ മലബാറിന്റെ പിന്നോക്കാവസ്ഥയെപ്പറ്റി പ്രസംഗിക്കാത്ത ഒരു എം.എൽ.എ. പോലുമുണ്ടായിട്ടില്ല. പക്ഷേ, ഒരു ഗവൺമെന്റും ഒരു എം.എൽ.എ.യും ഈ നിലയിലുള്ള വലിയൊരു പരിഗണന ആ ഭാഗത്തേക്ക് കൊടുത്തിട്ടില്ല. അവിടത്തെ ജനങ്ങൾ നിരന്തമായി ആവശ്യപ്പെട്ടുകൊണ്ടിരുന്ന പ്രധാനപ്പെട്ട പ്രശ്നമെന്ന നിലയിൽ ഈ ഗവൺമെന്റ് വലിയ പരിഗണന കൊടുക്കുമ്പോൾ നമ്മൾ അതിനെ ബഹുമാനത്തോടെ കാണേണ്ടതല്ലേ ?

മി. സ്പീക്കർ : ആദ്യഘട്ടം കഴിഞ്ഞാൽ ബാക്കി എല്ലാ സ്ഥലത്തും കൊടുക്കുമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ സഭയിൽ പറഞ്ഞിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങ് പറഞ്ഞത് കുറേ കാര്യങ്ങൾ ചെയ്യുകയും, കൂടുതൽ ആളുകൾ ഉണ്ടാകുകയും ചെയ്യുന്നത് മലബാറിൽ നിന്നാണെങ്കിൽ മലബാർ ഗവൺമെന്റ് എന്ന് പറയാമെന്നാണ്. അങ്ങനെയാണെങ്കിൽ സെക്രട്ടേറിയറ്റിന്റെ കണക്കെടുത്താൽ മലബാർ പാർട്ടി എന്ന് മാർക്സിസ്റ്റ് പാർട്ടിയെ വിളിക്കേണ്ടിവരില്ലേ ?

ശ്രീ. എം. വിജയകുമാർ : അങ്ങനെ വിളിച്ചാൽ, അതിൽ ഞങ്ങൾ ഒരു മോശത്തരവും കാണുന്നില്ല. ഞങ്ങൾ അതിൽ അഭിമാനം കൊള്ളുന്നു. അങ്ങനെ വിളിക്കുകയാണെങ്കിൽ, വിളിക്കണമെന്നല്ല, വിളിക്കുകയാണെങ്കിൽ.....

ശ്രീ. വി. എൻ. വാസവൻ : അങ്ങനെയാണെങ്കിൽ എ.ഐ.സി.സി. ബോർഡിന്റെ മുഴുവൻ ഭാരവാഹികളും വടക്കേ ഇന്ത്യാക്കാരാണ്. അതു കൊണ്ട് അതിനെ വടക്കേഇന്ത്യാ പാർട്ടിയെന്ന് പറയേണ്ടിവരും.

ശ്രീ. കെ. ശിവദാസൻ നായർ : ശ്രീ. രാജു എബ്രഹാം പറഞ്ഞപ്പോൾ മലബാറിലെ ജനങ്ങളുടെ വികാരം പ്രത്യേകമായി പരിഗണിച്ചാണ് ഈ കാര്യങ്ങൾ ചെയ്യുന്നതെന്ന് പറഞ്ഞു. തീർച്ചയായും അത് നല്ല കാര്യമാണ്. അത് അങ്ങനെതന്നെ ചെയ്യണമെന്നുള്ളതാണ്. പക്ഷേ, തിരുവിതാംകൂറിലെ ജനങ്ങളുടെ വികാരംകൂടി മാനിക്കണമെന്നേ ഞാൻ പറഞ്ഞുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വിജയകുമാർ : അങ്ങയുടെ വികാരത്തെ മാനിക്കുന്നു.

ശ്രീ. കെ. കുട്ടി. അഹമ്മദ് കുട്ടി : .....(മൈക്ക് ഓഫ്).....

ശ്രീ. എം. വിജയകുമാർ : മലബാറിന് മുൻതൂക്കം നൽകണമെന്ന് പറഞ്ഞാൽ കേരളത്തിനെ മുഖ്യധാരയിലേക്ക് കൊണ്ടുവരണമെന്നുള്ളതാണ്. അതാണ് മനസ്സിലാക്കേണ്ടത്. മലബാറിനെ കേരളത്തിലെ മറ്റു പ്രദേശങ്ങളെ പോലെതന്നെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാനുള്ള നടപടികളാണ് ഈ സർക്കാർ ചെയ്യുന്നത്. ഈ സർക്കാർ അതിൽ പ്രതിജ്ഞാബദ്ധമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : യഥാർത്ഥത്തിൽ കേരള ഭരണത്തിൽ കൂടുതൽകാലം മന്ത്രിമാരായിരുന്ന ആളുകളെല്ലാം.....

ശ്രീ. എം. വിജയകുമാർ : മുഖ്യമന്ത്രിയായിരുന്നിട്ട് കാര്യമില്ല. .....അങ്ങനെയാണെങ്കിൽ ഇപ്പോഴത്തെ മുഖ്യമന്ത്രിയെ നിങ്ങൾ ഏതു പട്ടികയിൽപ്പെടുത്തും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അത് പാലക്കാടിന്റെ പട്ടികയിലേക്ക് പോകട്ടെ.

ശ്രീ. എം. വിജയകുമാർ : ഞങ്ങളുടെ കാഴ്ചപ്പാട് ഇതാണ്. ഈ സർക്കാർ അതിനെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയാണ്. ഇപ്പോൾ വലിയ തോതിൽ ജനപിന്തുണനേടിയ ഒരു പദ്ധതിയാണ് മലബാർ പാക്കേജ്. വികസനത്തിന്റെ കാര്യത്തിൽ ഏതു മേഖലയെടുത്താലും അത് കാണാൻ സാധിക്കും. വിദ്യാഭ്യാസത്തിന്റെകാര്യം പറയുകയാണെങ്കിൽ ഒരു സെൻട്രൽ യൂണിവേഴ്സിറ്റി കേരളത്തിൽ അനുവദിച്ചപ്പോൾ തിരുവനന്തപുരത്തോ എറണാകുളത്തോ മലബാറിൽത്തന്നെയോ അത് സ്ഥാപിക്കാമായിരുന്നു പക്ഷേ, വികസനത്തിന്റെ കാര്യത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന കാസർഗോഡ് സ്ഥാപിക്കുവാനാണ് ഈ ഗവൺമെന്റ് തീരുമാനിച്ചത്. ഇച്ഛാശക്തി.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അത് സ്ഥലം ഇല്ലാത്തതു കൊണ്ട്.....

ശ്രീ. എം. വിജയകുമാർ : സ്ഥലമോ, എത്രസ്ഥലം വേണം. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആന്റ് റിസർച്ച് (IISER) സ്ഥാപിച്ചില്ലേ ? 250 ഏക്കർ സ്ഥലം ഇവിടെ കൊടുത്തില്ലേ ? സ്ഥലം ഇല്ലാത്തതാണോ പ്രശ്നം. ഇവിടെ ആവശ്യംപോലെ സ്ഥലമുണ്ട്. അലിഗഡ് മുസ്ലിം യൂണിവേഴ്സിറ്റിയുടെ ഓഫ് ക്യാമ്പസ്.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അത് മലപ്പുറത്തല്ലാതെ വേറെ എവിടെയെങ്കിലും സ്ഥാപിക്കാൻ കഴിയുമോ ?

ശ്രീ. എം. വിജയകുമാർ : ആയിക്കോട്ടെ. അത് സ്ഥാപിക്കാൻ വേണ്ടിയുള്ള, അത് സ്ഥാപിക്കുകയോ സ്ഥാപിക്കാതിരിക്കുകയോ ചെയ്യാം.

ഇത്തരത്തിലുള്ള എല്ലാ കാര്യങ്ങളും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അംഗീകരിച്ചേ മതിയാവൂ. ഈ രൂപത്തിലുള്ള ഒരു സമീപനമാണ് സർക്കാർ എടുത്തിട്ടുള്ളത്. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി, അദ്ദേഹം രാഷ്ട്രീയം അധികമായി പറഞ്ഞില്ലെങ്കിലും അതിന്റെയെല്ലാം ഉള്ളിൽ രാഷ്ട്രീയമാണ്.

മി. സ്പീക്കർ : പറഞ്ഞു പറഞ്ഞ്, തിരുവിതാംകൂറിനേയും മലബാറിനേയും വിഭജിക്കേണ്ട ?

ശ്രീ. എം. വിജയകുമാർ : നിങ്ങൾ പ്ലസ് ടു കൊണ്ടുവന്നു. വന്നില്ലേ, പ്ലസ് ടു കൊണ്ടുവന്ന് മലബാറിനേയും മലപ്പുറത്തിനേയും അവഗണിച്ചു എന്നൊക്കെ ശ്രീ. കുട്ടി അഹമ്മദ് കുട്ടി പറഞ്ഞു. ശരിയാണ് ഞങ്ങളാണ് പ്ലസ് ടു കൊണ്ടുവന്നത്. ഞാൻ അദ്ദേഹത്തോട് ചോദിക്കട്ടേ ? പ്ലസ് ടു കൊണ്ടുവന്നത് നായനാർ ഗവൺമെന്റ് തന്നെയാണ്. അന്നുതന്നെ എല്ലാം പൂർണ്ണമായി നടപ്പിലാക്കാൻ സാധിക്കുമോ ? പക്ഷേ അതിനുശേഷം, എത്രയോ വർഷങ്ങൾകൊണ്ടാണ് അത് പൂർണ്ണതയിൽ എത്തുന്നത്. അതിനുശേഷം അഞ്ച് വർഷക്കാലം കേരളം ഭരിച്ച യു.ഡി.എഫ്.ഗവൺമെന്റ് അതിന് പരിഹാരം കാണാൻ എന്തെങ്കിലും ചെയ്തോ ? എന്ത് നടപടി സ്വീകരിച്ചു. അഞ്ച് വർഷം പൂർണ്ണമായി ലഭിച്ചില്ലേ ? അതിന് പരിഹാരം കാണാൻ വീണ്ടും എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വരേണ്ടിവന്നു. അതുകൊണ്ട് അതിന്റെ അർത്ഥം മലബാറിന്റെ പിന്നോക്കാവസ്ഥക്ക് പൂർണ്ണമായ പരിഹാരം കാണാൻ ഈ സർക്കാർ തന്നെ സ്ഥിരമായി ഇവിടെ ഭരിക്കണം എന്നാണ്. എന്നാൽ മാത്രമേ, അതിന് പരിഹാരം ഉണ്ടാവുകയുള്ളൂ. അല്ലാതെ യു.ഡി.എഫ്-ന് സാധിക്കുകയില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : വാസ്തവ വിരുദ്ധമായ നിലപാടാണ് അദ്ദേഹം പറയുന്നത്. എൽ.ഡി.എഫ്. സർക്കാർ പ്ലസ് ടു കൊണ്ടുവന്നുവെന്നുള്ളത് സത്യമാണ്. പക്ഷേ, പ്ലസ് ടു ടീച്ചേഴ്സിനെ നിയമിച്ചുവെന്നുള്ളത് മറ്റൊരു സത്യമാണ്. പക്ഷേ, ടീച്ചേഴ്സിന്റെ കൺഫർമേഷൻ നടത്തിയതും, ടീച്ചേഴ്സിന് ശമ്പളം കൊടുത്തതും പിന്നീട് വന്ന യു.ഡി.എഫ്. ഗവൺമെന്റാണ് എന്നുള്ള യാഥാർത്ഥ്യം ഇപ്പോഴും ചരിത്രത്തിൽ സത്യമായി നിൽക്കുമ്പോഴാണ് ..... ചരിത്രത്തെ ഇങ്ങനെ വളച്ചൊടിക്കുന്നത് ശരിയാണോ ?

ശ്രീ. എം. വിജയകുമാർ : കുറവ് പരിഹരിക്കുന്നതിന് നിങ്ങൾ എന്ത് ചെയ്തു. അഞ്ച് വർഷക്കാലം കേരളം ഭരിച്ച വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്ത ആളാണ് ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി. അദ്ദേഹം അല്ലെങ്കിൽ മറ്റൊരു മന്ത്രി, എന്ത് ചെയ്തു. അപ്പോൾ അതിലേക്ക് ഞാൻ കടക്കുന്നില്ല. ഞാൻ വിഷയത്തിലേക്ക് വരികയാണ്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : യു.ഡി.എഫ്-ന്റെ കാലത്ത് ഏറ്റവും കൂടുതൽ ഗവൺമെന്റ് സ്കൂളുകളിൽ പ്ലസ് ടു കോഴ്സുകൾ അനുവദിച്ച് സാമ്പത്തികമായി സംസ്ഥാനത്തെ തകർത്തതുകൊണ്ട് സംസ്ഥാനത്തിന്

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക പരാധീനത വന്നു. എന്നിട്ടും മന്ത്രി നാലകത്തു സൂപ്പിയുടെ കാലത്ത് ഗവൺമെന്റ് സ്കൂളുകളിലും അൺഎയ്ഡഡ് സ്കൂളുകളിലും പ്ലസ് ടു കോഴ്സുകൾ കൊടുത്തു.

ശ്രീ. പി. ജയരാജൻ : മലബാറിന് താരതമ്യേന വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയുള്ളതുകൊണ്ട് ഇപ്പോൾ അനുവദിക്കുന്ന പ്ലസ് ടു സ്കൂളുകൾ മലബാറിന് മാത്രമായി അനുവദിക്കുമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി തന്നെ പറഞ്ഞിട്ടുണ്ട്. തിരുവിതാംകൂർ മേഖലയിലും ഏതെങ്കിലും പ്രദേശങ്ങളിൽ വിദ്യാഭ്യാസപരമായിട്ടുള്ള പിന്നോക്കാവസ്ഥയുണ്ടെങ്കിൽ അത് പിന്നീട് പരിഹരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഇവിടെ മലബാറിന്റെയും തിരുവിതാംകൂറിന്റേയും വ്യത്യാസമില്ല. പക്ഷേ, മലബാറിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് കഴിഞ്ഞ ബഡ്ജറ്റിൽ മലബാർ പാക്കേജ് ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ച അവസരത്തിൽ അതിൽ പ്രതിഷേധിച്ച് ഇറങ്ങിപ്പോയ അംഗങ്ങൾ യു.ഡി.എഫ്.-ന്റെ ഭാഗമായി ഈ സഭയിൽത്തന്നെ ഇരിക്കുന്നുണ്ട് എന്ന യാഥാർത്ഥ്യം പ്രതിപക്ഷ അംഗങ്ങൾ ഓർമ്മിക്കേണ്ടതാണ്.

ശ്രീ. എം. വിജയകുമാർ : ഈ രംഗത്തുള്ള സർക്കാരിന്റെ നയം വിദ്യാഭ്യാസ വകുപ്പുമന്ത്രി അസന്നിഗ്ദ്ധമായി ഇവിടെ പറഞ്ഞിട്ടുണ്ട്. ആദ്യമായി മലബാറിന്റെ പിന്നോക്കാവസ്ഥക്ക് പരിഹാരം കാണുക, അത് കഴിഞ്ഞാൽ സംസ്ഥാനത്താകെ ഈ സൗകര്യങ്ങൾ ഏർപ്പെടുത്തുക. ആ രൂപത്തിലുള്ള ഒരു നയം വച്ചുകൊണ്ടാണ് എൽ.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. അതിന്റെ ഭാഗമായാണ് .....

ശ്രീ. പി. സി. വിഷ്ണുനാഥ് : ഒറ്റകാര്യം, പിന്നീട് എന്നുള്ളത് മാറ്റി ഞങ്ങളുടെയെല്ലാം നിയോജകമണ്ഡലങ്ങളിൽ ഗവൺമെന്റ്, എയ്ഡഡ്, അൺ എയ്ഡഡ് മേഖലകളിൽ ഒരു പ്ലസ് ടു സ്കൂളുകൾ പോലുമില്ലാതെ പഞ്ചായത്തുകളിലും കുട്ടികൾ വലയുകയാണ്. തിരുവിതാംകൂർ മേഖലയിൽ എന്ന് പ്ലസ് ടു സ്കൂളുകൾ ആരംഭിക്കുമെന്ന് അങ്ങേക്ക് ഉറപ്പ് നൽകാൻ കഴിയുമോ ?

ശ്രീ. എം. വിജയകുമാർ : അങ്ങനെയുള്ള കാര്യങ്ങളും വെവ്വേറെ പരിശോധിക്കും. ഈ കാര്യങ്ങൾക്കെല്ലാം ശാസ്ത്രീയമായി പരിഹാരം കാണുകയാണ് ഈ സർക്കാറിന്റെ സമീപനം. ഇത് നടപ്പാക്കട്ടെ ? ഇത് നടത്തട്ടെ ? ആദ്യം ഇത് നടക്കട്ടെ ? ഇതിനുമുമ്പ് മറ്റേത് എന്ന് പറയുന്നത് ശരിയാണോ ? ഇത് നടക്കട്ടേ ? ഞാൻ ഒരു കാര്യം പറയാം, ഞങ്ങളുടെ സർക്കാരിന്റെ കാഴ്ചപ്പാട് എസ്.എസ്.എൽ.സി. പരീക്ഷയ്ക്കുശേഷം തുടർ പഠനത്തിന് യോഗ്യത നേടിയ എല്ലാ കുട്ടികൾക്കും കേരളത്തിൽ പഠന സൗകര്യമുണ്ടാക്കുക എന്നുള്ളതാണ്. ഇവിടെ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പോളിടെക്നിക്, ഐ.ടി.ഐ, ഐ.റ്റി.സി. ഇങ്ങനെ നിരവധി സ്ഥാപനങ്ങളുണ്ട്. ഇതുമാത്രമല്ല, ആ രൂപത്തിലുള്ള ഒരു സംസ്ഥാനത്ത് ശാസ്ത്രീയമായിട്ടാണ് സർക്കാർ പലകാര്യങ്ങളും നടപ്പിലാക്കുന്നത്. പൊതു വിദ്യാഭ്യാസത്തിന്റെ കാര്യം പറയുമ്പോൾ സംസ്ഥാനം മികവിന്റെ .....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി ഇനിയും മൂന്ന് പ്രമേയങ്ങളുണ്ട്.

ശ്രീ. എം. വിജയകുമാർ : ഇത് പറയണ്ടേ, ഈ പ്രമേയത്തെ സംബന്ധിച്ച് പറയണ്ടേ, പ്രമേയത്തെ സംബന്ധിച്ച് പറയാൻ പോകുന്നതേയുള്ളൂ. അദ്ദേഹം അവതരിപ്പിച്ച പ്രമേയം എന്താണെന്നും സർക്കാർ എന്താണ് ചെയ്തതെന്നും പറയണ്ടേ ? അതല്ലേ പ്രധാനം. അതിലേക്ക് വന്നില്ല. ഇപ്പോൾ ഇതിന്റെ ആവശ്യകത എങ്ങനെയാണ് വന്നത്. 2005-ൽ എസ്.എസ്.എൽ.സി. പരീക്ഷയുടെ വിജയശതമാനം 58.19 ആണ്. 2010-ൽ അത് 90.72 ആയതിന്റെ പ്രതിഫലനം മലബാർ മേഖലയിലും മലപ്പുറത്തു മുണ്ടായത് മനസ്സിലാക്കണം. 2005-ൽ മലപ്പുറം ജില്ലയിലെ എസ്.എസ്.എൽ.സി. വിജയം 46.68 ആയിരുന്നെങ്കിൽ 2010-ൽ മലപ്പുറം ജില്ലയിലെ വിജയ ശതമാനം 86.92 ആണ്. യഥാർത്ഥത്തിൽ ഇരട്ടി വളർച്ചയാണ്. അതനുസരിച്ചാണ് സീറ്റ്, അല്ലാതെ പുതുതായിട്ട് അല്ല. ഈ വളർച്ചയുടെ ഭാഗമായിട്ടാണ് സീറ്റ് വേണ്ടത്. ഇതെല്ലാം വച്ചുകൊണ്ട് സർക്കാർ എന്താണ് ചെയ്തത് ? ഇത് ആദ്യമായിട്ടല്ല. 2008-ൽ തന്നെ, ഇപ്പോഴല്ല, രണ്ട് വർഷ ത്തിനുമുമ്പ് 2008-ൽ പാലക്കാട് വരെയുള്ള.....അതായത് തൃശൂർ ഇല്ല. പാലക്കാട്വരെയുള്ള ജില്ലകളിൽ ഹയർസെക്കണ്ടറി പഠനം വർദ്ധിപ്പിക്കുക യാണ് അന്ന് ഞങ്ങൾ ചെയ്തത്. 2008-ൽത്തന്നെ. .....(ബഹളം)....അത് പറയട്ടേ. 14 വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകൾ അനുവദിച്ചു. 204 ഹയർ സെക്കണ്ടറി സ്കൂളുകളിൽ 297 അധികബാച്ചുകൾ, 52 വൊക്കേഷണൽ ഹയസെക്കണ്ടറി സ്കൂളുകളിൽ 71 അധികബാച്ചുകൾ അനുവദിക്കുക വഴി 26,772 സീറ്റുകൾ 2008-ൽ ഞങ്ങൾ വർദ്ധിപ്പിച്ചു. പുതിയ കാര്യമല്ല. ഇങ്ങനെ ഓരോ വർഷവും ചെയ്തുകൊണ്ടിരിക്കുകയാണ്. ഇപ്പോഴത്തെ സർക്കാരിന്റെ നയം നിങ്ങൾ മനസ്സിലാക്കണം. ഹയർ സെക്കണ്ടറി ഇല്ലാത്ത പഞ്ചായത്തുകൾ കേരളത്തിലുണ്ട്. ആ ഹയർസെക്കണ്ടറി ഇല്ലാത്ത പഞ്ചായത്തുകളിൽ ഹയർസെക്കണ്ടറി അനുവദിക്കണമെന്നാണ് സർക്കാരിന്റെ പൊതുനയം. ആ നയം ആവിഷ്ക്കരിച്ചുകൊണ്ട്..... അല്ലാതെ ഇഷ്ടംപോലെ അങ്ങോട്ടും ഇങ്ങോട്ടും ....(ബഹളം).....അതാണ് പറയാൻ പോകുന്നത്. അതിന്റെ ഭാഗമായി.....(ബഹളം).....അങ്ങ് കേൾക്കണം. അതിന്റെ ഭാഗമായി.....(ബഹളം)..... ഈ വർഷം ചെയ്യുന്ന കാര്യം കേൾക്കുക. ക്ഷമിച്ച് ഇരിക്കുക തിരുവഞ്ചൂരേ..... ബേജാറായിട്ട് കാര്യമില്ല. എല്ലാം നടക്കാൻ പോകുന്ന കാര്യങ്ങളാണ്. ഞാൻ പറഞ്ഞ ഈ നയം വച്ചു കൊണ്ട് .....(ബഹളം).....ഞാൻ ഇപ്പോൾ പറഞ്ഞല്ലോ? ഒരു പഞ്ചായത്തിന് ഒരു ഹയർ സെക്കണ്ടറി എന്ന നയം വച്ചുകൊണ്ട് തൃശൂർ മുതൽ കാസർഗോഡ്വരെയുള്ള ജില്ലകളിൽ .....(ബഹളം) തിരുവഞ്ചൂരേ.....തിരുവഞ്ചൂർ ഇത് ശ്രദ്ധിക്ക്. തിരുവഞ്ചൂർ ശ്രദ്ധിച്ചിട്ടേ കാര്യമുള്ളൂ. അത് എനിക്കറിയാം. അദ്ദേഹം സർവ്വവ്യാപിയാണ്. അദ്ദേഹം തിരുവിതാംകൂറിന്റേയും മലബാറി ന്റേയും കേരളത്തിന്റേയും ആകെ ആളാണ്....., ഈ നയം വച്ചുകൊണ്ട് തൃശൂർ മുതൽ കഴിഞ്ഞ തവണ തൃശൂർ ഇല്ലെന്ന് പറഞ്ഞല്ലോ ? ഇപ്പോൾ തൃശൂർ മുതൽ കാസർഗോഡ്വരെയുള്ള ജില്ലകളിൽ 178 സ്കൂളുകളിൽ ഹയർസെക്കണ്ടറി അനുവദിക്കുകയാണ്. കാബിനറ്റ് തീരുമാനിച്ച് നടപടിയും

ആരംഭിച്ചിട്ടുണ്ട്. 178 സ്ക്കൂളുകളിൽ ഹയർ സെക്കണ്ടറി അനുവദിച്ചുകൊണ്ട് ഈ സ്ക്കൂൾ വർഷംതന്നെ അവിടെ ക്ലാസ്സുകൾ ആരംഭിക്കുകയാണ്. ഞാൻ മറ്റ് വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ബഹുമാനപ്പെട്ട അംഗം ശ്രീ. കുട്ടി അഹമ്മദ് കുട്ടി ഇതിനെ അനുമോദിക്കുകയും പ്രമേയം സ്വയം പിൻവലിക്കണമെന്നാണ് ഞാൻ പറയുന്നത്.

മി. സ്പീക്കർ : ശ്രീ. കുട്ടി അഹമ്മദ് കുട്ടി അങ്ങ് പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : പ്രസ്സ് ചെയ്യുന്നു. അനുമോദിച്ചു കൊണ്ട് പിൻവലിക്കണമെന്ന് പറഞ്ഞത് എനിക്ക് മനസ്സിലായില്ല. ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തുകയുണ്ടായി)

അനുകൂലിക്കുന്നവർ :

1. ശ്രീ. പി. കെ. അബ്ദുറബ്ബ്
2. " എ. പി. അബ്ദുള്ളക്കുട്ടി
3. " അബ്ദുറഹിമാൻ രണ്ടത്താണി
4. " സി. ടി. അഹമ്മദ് അലി
5. " ജോർജ് മേഴ്സിയർ
6. " കെ. കുട്ടി അഹമ്മദ് കുട്ടി
7. " കെ. മുഹമ്മദുണ്ണി ഹാജി
8. " തിരുവഞ്ചൂർ രാധാകൃഷ്ണൻ
9. " എൻ. ശക്തൻ
10. " എ. എ. ഷുക്കൂർ
11. " കെ. ശിവദാസൻ നായർ
12. " എം. ഉമ്മർ
13. " പി. സി. വിഷ്ണുനാഥ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ :

1. ശ്രീ. എൻ. അനിരുദ്ധൻ
2. " എ. എം. ആരിഫ്
3. ശ്രീമതി ജെ. അരുന്ധതി
4. ശ്രീ. എ. കെ. ബാലൻ
5. " പള്ളിപ്രം ബാലൻ
6. " എം. ചന്ദ്രൻ
7. " സി. ദിവാകരൻ
8. " പി. ജയരാജൻ
9. " ജോസ് ബേബി
10. " സി. എച്ച്. കുഞ്ഞമ്പു
11. " മാത്യു ടി. തോമസ്
12. " എ. സി. മൊയ്തീൻ
13. " എം. എം. മോനായി
14. " എം. പ്രകാശൻ മാസ്റ്റർ
15. " എൻ. രാജൻ
16. " രാജു എബ്രഹാം
17. " കെ. രാജു
18. " വി. ശശികുമാർ
19. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
20. ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്
21. " വി. എസ്. സുനിൽ കുമാർ
22. " വി. എൻ. വാസവൻ
23. " എം. വിജയകുമാർ

നിഷ്പക്ഷത പാലിക്കുന്നവർ-ആരുമില്ല.

മി. സ്പീക്കർ : ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി അവതരിപ്പിച്ച പ്രമേയത്തെ,

അനുകൂലിക്കുന്നവർ - 13

പ്രതികൂലിക്കുന്നവർ - 23

നിഷ്പക്ഷത പാലിക്കുന്നവർ.....ആരുമില്ല

പ്രമേയം നിരാകരിച്ചിരിക്കുന്നു.